കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുളക്കുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)*

നം.കെ.എസ്.എ-എ.എൽ.പി-പി5-1375/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി. 13.11.2017

ഫോൺ - 0477 2252753

ഇ-മെയിൽ - ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുളക്കുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുളക്കുഴ ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി5-1375/2017 തീയതി: 13.11.2017

# ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.01.2017 മുതൽ 30.09.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 23.10.2017 മുതൽ 03.11.2017വരെ | ശ്രീ. രാജേഷ് കെ. ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. റോയ്. റ്റി. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീമതി. രശ്മി രവീന്ദ്രൻ | 01.04.2016 മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1. | ശ്രീ. ഹരിൺ ബോസ്. എ | 01.04.2016 മുതൽ 28.09.2016 വരെ |
| 2. | ശ്രീമതി. ഇ. ആർ. ഓമനയമ്മാൾ (ഇൻ-ചാർജ്ജ്) | 28.09.2016 മുതൽ 02.01.2017 വരെ |
| 3. | ശ്രീ. സുനിൽകുമാർ. ജി. | 03.01.2017 മുതൽ 31.03.2017 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. എൻ. എ. രവീന്ദ്രൻ | 01.04.2016 മുതൽ 31.03.2017വരെ |
| 2 | വികസനകാര്യം | ശ്രീമതി. ഗിരിജ വിജയകുമാർ | 01.04.2016 മുതൽ 31.03.2017വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. പി. ആർ. വിജയകുമാർ | 01.04.2016 മുതൽ 31.03.2017വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീമതി. കെ.ആർ. രാധാബായി | 01.04.2016 മുതൽ 31.03.2017വരെ |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ബെഞ്ചി ഡാനിയൽ | 01/04/2016 - 31/03/2017 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | ഡോ. സുധീഷ് | 01/04/2016 - 03/05/2016 |
| | ഡോ.ബ്രിജ്ജ രാമൻകുട്ടി | 04/05/2016 -27/06/2016 |
| | ഡോ. ജയകുമാർ | 28/06/2016 -28/08/2016 |
| | ഡോ. ഉഷ | 29/08/2016 - 31/03/2017 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ശ്രീജ.കെ.ജി. | 01/04/2016 - 31/03/2017 |
| വെറ്ററിനറി സർജൻ | ഡോ.കെ.എസ്. രാജൻ | 01/04/2016 -14/02/2017 |
| | ഡോ. കെ.ജ്യോതിഷ് ബാബു | 15/02/2017- 31/3/2017 |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ശ്രീരേഖ എം.പി. | 01/04/2016 - 31/03/2017 |
| എച്ച്. എം.,<br>ഗവ.എൽ.പി.എസ്. | ശ്രീമതി. ഓമന.എം.ആർ | 01/04/2016 - 31/03/2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. സുരേഷ് കുമാർ.വി | 01/04/2016 - 31/03/2017 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ. സുഭാഷ് | 01/04/2016 - 19/10/2016 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.റെജിമോൾ | 20/10/16 -31/03/2017 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി. ലാലി.എസ്. | 01/04/2016 - 31/03/2017 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ഇ.ആർ.ഓമനയമ്മാൾ | 01/04/2016 - 31/03/2017 |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| ഭാഗം-1 | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തനത് വരുമാനം | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം-2 | | |
| 11 | വസ്തുനികുതി പരിഷ്ക്കരണം -നികുതി നിർണ്ണയത്തിലെ അപാകങ്ങൾ | 2-1 |

| | | |
|---|---|---|
| | മൂലം വരുമാന നഷ്ടം | |
| 12 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുവാൻ നിയമപരമായ നടപടികൾ സ്വീകരിക്കുന്നില്ല. | 2-2 |
| 13 | ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ | 2-3 |
| 14 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-4 |
| 15 | ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. | 2-5 |
| ഭാഗം-3 | | |
| 14 | ഫണ്ട് വിനിയോഗത്തിൽ വീഴ്ച -പാഴായ പദ്ധതിപ്പണം 254.70 ലക്ഷം രൂപ | 3-1 |
| 15 | പള്ളിമോടി കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ വാങ്ങി സ്ഥാപിക്കൽ – എസ്റ്റിമേറ്റ് ഇല്ലാതെ പദ്ധതി നടപ്പിലാക്കി | 3-2 |
| 16 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ 2016-17 – കരാർ ചമയ്ക്കാതെ ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറി. | 3-3 |
| 17 | വയറിംഗ് വേലകൾ നിക്ഷേപ പ്രവൃത്തിയായി നടപ്പാക്കിയതുമൂലം അധികച്ചെലവ് | 3-4 |
| 18 | വിവിധ വാർഡുകളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ - കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കിയില്ല | 3-5 |
| 19 | കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു. | 3-6 |
| 20 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി – നിശ്ചിത യോഗ്യതയില്ലാത്തയാളെ കരാർ ജീവനക്കാരനായി നിയമിച്ചു. | 3-7 |
| 21 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ- നടത്തിപ്പിൽ സുതാര്യതയില്ല | 3-8 |
| 22 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ.എം.സി – സേവന നികുതിയിനത്തിൽ അധികം ചെലവഴിച്ച തുക നിരാകരിക്കുന്നു | 3-9 |
| 23 | അഡ്വാൻസ് നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല | 3-10 |
| 24 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-11 |

| | | |
|---|---|---|
| 25 | എച്ച്. എം. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -വിനിയോഗ രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. | 3-12 |
| 26 | കന്നുകുട്ടി പരിപാലന പദ്ധതി-അപാകതകൾ | 3-13 |
| 27 | വിധവകൾക്ക് വീട് പുനരുദ്ധാരണം - സബ്സിഡി മാനദണ്ഡം പാലിക്കാതെ അധിക തുക നൽകി | 3-14 |
| 28 | മരാമത്ത് പ്രവൃത്തികളുടെ രേഖകൾ, രജിസ്റ്ററുകൾ- രേഖപ്പെടുത്തൽ,സൂക്ഷിപ്പ് - അപാകതകൾ | 3-15 |
| 29 | കരാറുകാരന്റെ വിഹിതം ഈടാക്കാതെ സേവന നികുതിയിനത്തിൽ ബില്ലിൽ നിന്നും തുക വസൂലാക്കിയതിനാൽ അധിക ബാധ്യത | 3-16 |
| 30 | യഥാർത്ഥ പ്രവൃത്തി മൂല്യത്തിനനുസൃതമായി നികുതികളും മറ്റ് കിഴിവുകളും കണക്കാക്കാഞ്ഞത് മൂലം അധികചെലവ് | 3-17 |
| 31 | ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്തില്ല-ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഭൂരിഭാഗം തുകയും ഈടാക്കി | 3-18 |
| 32 | എൽ.പി.സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകൽ- പദ്ധതി മാതൃകാപരം | 3-19 |
| ഭാഗം-4 | | |
| 33 | വാർഷിക കണക്ക് പരിശോധന | 4-1 |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 39 | ഓഡിറ്റ് റിക്കവറി | 4-7 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാലും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും 2015-16 വർഷത്തെ ബജറ്റ് മാറ്റമൊന്നും കൂടാതെ 2016-17 വർഷത്തേയ്ക്ക് അംഗീകരിച്ച് തീരുമാനിച്ചു. (തീരുമാനം നം.I(14.03.2016).

2016-17 വർഷത്തേയ്ക്കുള്ള തനത് ബജറ്റ് 18.06.2016 തീയതിയിലെ 1(1) ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.പ്രസ്തുത ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | വരവ് | ചെലവ് |
|---|---|---|---|
| ബജറ്റ് പ്രകാരം | മുന്നിരിപ്പ് | 3,28,37,636 | 9,02,61,434 |
| | വരവ് | 6,17,25,619 | |
| | ആകെ | 9,45,63,255 | |
| വാർഷിക കണക്ക് പ്രകാരം (RP പത്രിക പ്രകാരം ) | വരവ് | 4,84,46,174 | 4,01,68,132 |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 പ്രകാരം അടുത്ത വർഷത്തേയ്ക്ക് ഉണ്ടാകാനിടയുള്ള വരവ് - ചെലവ് കണക്കുകളുടെ വിശദമായ എസ്റ്റിമേറ്റുൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ാം തീയതിയ്ക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇപ്രകാരം ബജറ്റ് നിർദ്ദേശങ്ങൾ നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ സമർപ്പിക്കാതിരുന്നതു മൂലം 2016-17-ലെ ബജറ്റ് തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം പ്രാബല്യത്തിൽ വരുന്നതിന് മുൻപ് അവതരിപ്പിക്കാൻ സാധിച്ചില്ല. കൂടാതെ പെരുമാറ്റചട്ടം അവസാനിച്ച് ഏകദേശം ഒരുമാസത്തിന് ശേഷമാണ് 2016-17-ലേയ്ക്കുള്ള ബജറ്റ് അവതരിപ്പിച്ചത് .ഇത് ബജറ്റ് തയാറാക്കുന്നതിലും അവതരിപ്പിക്കുന്നതിലും വേണ്ടത്ര ശ്രുഷ്കാന്തി കാണിക്കുന്നില്ല എന്നതിന്റെ തെളിവാണ്. നിയമപ്രകാരം ബജറ്റ് തയാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 08.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധം 1- ആയി ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|

| | | | |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 12183751 | 8460075 | 69.44 |
| വികസനഫണ്ട് എസ്.സി.പി. | 11238153 | 6872700 | 61.16 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 10080264 | 2453550 | 24.34 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3279336 | 1835620 | 55.98 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6833134 | 2100467 | 30.74 |
| പെർഫോമൻസ് ഗ്രാന്റ് | 3578209 | 0 | 0 |
| ബി ഫണ്ട് | 43779795 | 43779795 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 14287815 മുന്നിരിപ്പ് (5360/- ഉൾപ്പെടെ) | 14203431 (നീക്കിയിരിപ്പ് 84384/-) | 99.40 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് ശതമാനം |
|---|---|---|---|---|---|---|
| 165 | 63300481 | 98 | 27322709 | 4 | 63 | 59.39 |

# 1-6 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 48.05 ശതമാനം കൂടുതൽ ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം 2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 4364640 | 6856808 | 2492168 | 57.1 |
| നികുതിയേതര വരവുകൾ | 481781 | 452974 | (-)28807 | (-)5.98 |
| മറ്റ് വരവുകൾ | 351737 | 386181 | 34444 | 9.79 |
| ആകെ | 5198158 | 7695963 | 2497805 | 48.05 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 102360 | 51 |
| കർഷകതൊഴിലാളി പെൻഷൻ | 5603240 | 720 |
| വിധവാപെൻഷൻ | 11464720 | 921 |
| വാർദ്ധക്യകാലപെൻഷൻ | 22066965 | 2502 |
| വികലാംഗപെൻഷൻ | 3674990 | 323 |
| അവിവാഹിതപെൻഷൻ | 612520 | 48 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 210000 | 7 |

ഗ്രാമപഞ്ചായത്ത് തൻവർഷം 4572 ഗുണഭോക്താക്കൾക്ക് ക്ഷേമ പദ്ധതികൾക്കായി 4,37,34,795/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2017 11.am ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 378/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. പ്രധാന തനതു വരുമാനമായ കെട്ടിട നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ് വെയറിലെ പോരായ്മകൾ പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ ഇല്ല. ടെണ്ടർ രജിസ്റ്റർ, കരാർ രജിസ്റ്റർ എന്നിവ സമഗ്രമല്ല.ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്ററിൽ തെരുവ്

വിളക്കുകളുടെ സ്പെസിഫിക്കേഷൻ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് വിവരം ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക്-ഇൻ- രജിസ്റ്റർ, സ്റ്റോക്ക്-ഔട്ട് രജിസ്റ്റർ, അൺ സർവ്വീസബിൾ ഐറ്റംസ് രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചതായി കാണുന്നില്ല.ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.07.2017 | 06/2017 | 21.08.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.01.2016 - 27.01.2016 | 2010-11 മുതൽ 2014-15 വരെ | 01.03.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പരിഷ്കരണം -നികുതി നിർണ്ണയത്തിലെ അപാകങ്ങൾ മൂലം വരുമാന നഷ്ടം

കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും,സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 50/- മുതൽ 70/-രൂപ വരെ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ നികുതി ഈടാക്കാവുന്നതാണ്. മുളക്കുഴ ഗ്രാമ പഞ്ചായത്തിലെ 08-12-2011 ലെ വസ്തു നികുതി സംബന്ധിച്ച അന്തിമവിജ്ഞാപന പ്രകാരം 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 50/- രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിലുള്ളതിന് ചതുരശ്ര മീറ്ററിന് 60/- രൂപയുമാണ്. പുതുതായി നികുതി നിർണ്ണയിച്ച 100 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാളുകളിലായി നിരവധി കടകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിലെ ഓരോ കടമുറികൾക്കും വൈദ്യുതി കണക്ഷൻ എടുക്കുന്നതിനായി പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടങ്ങളുടെ വസ്തുനികുതി ഒന്നിച്ച് ഒരു ചതുരശ്ര മീറ്ററിന് 60 രൂപ എന്ന നിരക്കിൽ നിശ്ചയിക്കുന്നതിനുപകരം ഓരോ കടമുറിക്കും പ്രത്യേകം 100 ച.മീറ്ററിന് താഴെയുള്ള കെട്ടിടങ്ങൾക്ക് മാത്രം ബാധകമായ 50/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള ഒരു കെട്ടിടത്തെ വിവിധ മുറികളായി മാത്രം കണക്കാക്കി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന നികുതി വരുമാനത്തിൽ വലിയ കുറവ് വന്നിട്ടുണ്ട്.

| കെട്ടിട നം | പേരും അഡ്രസ്സും, | ആകെ തറ വിസ്തീർണ്ണം (ച.മീറ്ററിൽ) | വർദ്ധന (%) | ഈടാക്കിയ വസ്തു നികതി & സെസ് | ഈടാക്കേണ്ടി യിരുന്ന അടിസ്ഥാന വസ്തുനികതിയും സെസും | കുറവ് |
|---|---|---|---|---|---|---|
| 8/141A | സജി. വി.എൻ<br>വെട്ടിക്കാട് വീട് | 62.63 $m^2$ | 20% (റോഡ് 5 മീറ്ററിൽ കൂടുതൽ) | 3947 | 4735 (62.63*60+20%+ 5%(LC)) | Rs.788/- |
| 141/B | do | 80.395 | do | 5066 | 6078 (80.395*60+20%+ 5%(LC)) | Rs.1012/- |
| 141/D | do | 34.54 | Do + (ബഹുനില ഇളവ് 5%) | 2069 | 2502/- 34.54x60+15% (20% – 5%) + 5% LC | Rs.433/- |
| 141/E | do | 19.866 | do | 1190 | 1440 (do) | Rs.250/- |
| 141/F | do | 19.92 | do | 1194 | 1443 (do) | Rs.249/- |
| 141/G | do | 27.579 | do | 1652 | 1998 (do) | Rs.346/- |
| 141/H | do | 48.906 | do | 2929 | 3544/- (do) | Rs.615/- |
| 4/45 B | ഷാനവാസ്, മുറിയക്കമേലത്തിൽ | 113.20 | 20% (റോഡ് 5 മീറ്ററിൽ കൂടുതൽ) | 7132 | 8558 (do) | Rs.1426/- |
| 4/45 C | do | 118.97 | do + (ബഹുനില ഇളവ് 5%) | 7123 | 8619 (do) | Rs.1496/- |
| | | | | | ആകെ | **6615/-** |

2011 മുതൽ പുതുക്കിയ നിരക്കിൽ നികുതി നിർണ്ണയിച്ച പുതിയ കെട്ടിടങ്ങളിലെല്ലാം ഇപ്രകാരമുള്ള കുറവ് വന്നിട്ടുള്ളതിനാൽ പലമുറികളായി നമ്പരിട്ട ഒരേ ഉടമയുടെ കെട്ടിടങ്ങളുടെ നികുതി പുന:പരിശോധിക്കേണ്ടതാണ്. വസ്തുനികുതി നിർണ്ണയത്തിൽ വന്ന കുറവ് പരിശോധിച്ച് ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കുന്നതിനും ഭാവിയിൽ വരവ് നഷ്ടം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുവാൻ നിയമപരമായ നടപടികൾ സ്വീകരിക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവക്ക് ചതുരശ്രമീറ്ററിന് 500/- രൂപ നിരക്കിൽ ബാധകമായ വസ്തുനികുതി ഈടാക്കുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിച്ച് തുക ഈടാക്കുന്നില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ 8 മൊബൈൽ ടവറുകൾ നിലവിൽ പ്രവർത്തിച്ച് വരുന്നു. വസ്തുനികുതി പരിഷ്കരണം നടപ്പാക്കിയ തീയതി വരെ പഴയ നിരക്കിൽ രണ്ട് ടവറുകളുടെ നികുതി ഒടുക്കിയിരുന്നു. തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തു നികുതി പുതുക്കിയ ക്രമ നം 2, 7 എന്നിവ പ്രകാരമുള്ള ടവറുകളിൽ നിന്നും നികുതി ഈടാക്കുന്നുണ്ട്. എന്നാൽ ക്രമ നം. 4 - എസ്സാർ ടവറിൽ നിന്നും 2013-14 ഒന്നാം അർദ്ധവർഷവും 2015-16 ലേയും നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. മുൻവർഷങ്ങളിലെ കുടിശ്ശിക ഈടാക്കാതെ എസ്സാർ ടവറിൽ നിന്നും 2015-16 ലെ നികുതി വാങ്ങിയത് ക്രമപ്രകാരമല്ല. മറ്റ് ടവറുകളിൽ നിന്നും നാളിതുവരെ നികുതി ഈടാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഇവയുടെ വസ്തു നികുതി കുടിശ്ശികയിനത്തിൽ ഭീമമായ തുക ഈടാക്കുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ടവറിന്റെ പേരും നമ്പരും | വസ്തുനികുതി | കെട്ടിട നം. |
|---|---|---|---|
| 1 | BHARATH AIRTEL L.N.H. BYPASS KOCHI | 11025/- | 1/338 A |
| 2 | BHARATHI TELEBRAND LIMITTED | 6615/- | 10/14 |
| 3 | IDEA MOBILE | 8085/- | 10/39 |
| 4 | ESSAR TELECOM | 10340/- | 10/49 |
| 5 | RADHA C S ,<br>KALARITHARA SANTHOSH | 11813/- | 11/344 |
| 6 | VODAPHONE, METHA SQUIRE, NORTH RAILWAY STATION | 11813/- | 18/957 A |
| 7 | RELIANCE COMMUNICATIONS | 6663/- | 18/375 |
| 8 | MATHEW. P. JOHN, PUTHANPURAKKAL VEEDU<br>IDEA MOB. CO. LTD | 14538/- | 18/374 |

മേൽ സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കുന്നതിന് നിയമപരമായ നടപടി സ്വീകരിക്കേണ്ടതും നികുതി നൽകാതെ ഒരു ടവറും പ്രവർത്തിക്കുന്നില്ല എന്നുറപ്പ് വരുത്തേണ്ടതുമാണ്.

## 2-3 ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ

മുളക്കുഴ ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ ഡി & ഒ ലൈസൻസ് ഫീസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതു പ്രകാരം താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. പല സ്ഥാപനങ്ങളും ഡി&ഒ. ലൈസൻസ് പുതുക്കാതെയും ബിസിനസിന്റെ സ്വഭാവപ്രകാരം കുറഞ്ഞ തുക മാത്രം ഫീസ് നൽകിയുമാണ് പ്രവർത്തിക്കുന്നത്. ബേക്കറി,മെഡിക്കൽ സ്റ്റോർ,പലചരക്ക് കടകൾ എന്നിവ ശരാശരി 100 രൂപയാണ് ഫീസ് നൽകിവരുന്നത്. വിറ്റുവരവിൽ ഓരോ വർഷവുമുണ്ടാകുന്ന ആനുപാതിക വർദ്ധന പോലും കണക്കിലെടുക്കാതെ വർഷങ്ങളായി ഈടാക്കിവരുന്ന സംഖ്യ തന്നെയാണ് സ്ഥാപനങ്ങളുടെ ഫീസായി തുടർന്നും ഈടാക്കുന്നത് .

2. രജിസ്റ്ററിൽ ഡി&ഒ ലൈസൻസിന് അപേക്ഷ സമർപ്പിക്കുന്നവരുടെ പേര് വിവരം മാത്രമാണ് നിലവിൽ എഴുതി സൂക്ഷിച്ചുവരുന്നത്.ഇതിനാൽ ഓരോ വർഷവും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കൃത്യമായ വിവരശേഖരണം, തുടർനടപടികൾ എന്നിവ സാധ്യമാകുന്നില്ല.

3. ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ ചില ബിസിനസ് സ്ഥാപനങ്ങളുടെ പേര് രേഖപ്പെടുത്താതെ പകരം ഉടമയുടെ സ്ഥിര മേൽവിലാസമാണ് ചേർത്തിട്ടുള്ളത്. ഇത് മൂലം സ്ഥാപനങ്ങളുടെ വിശദവിവരങ്ങളും

നടത്തുന്ന ബിസിനസ് , വിറ്റുവരവ് എന്നിവ സംബന്ധിച്ച അപേക്ഷയിലെ വിവരങ്ങളും പരിശോധിക്കുവാൻ സാധിക്കുന്നില്ല.

4. ലൈസൻസ് ഫീസ് ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കേണ്ട,പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ, പാരാമെഡിക്കൽ, മെഡിക്കൽ ഷോപ്പുകൾ, കള്ളുഷാപ്പ് എന്നിങ്ങനെയുള്ള വ്യാപാരങ്ങളിൽ പലതും കൃത്യമായി ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്യുന്നില്ല.

5. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ-ചട്ടം 7 പ്രകാരം ഒരു ദിവസത്തെ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് ലൈസൻസ് ഫീ ഈടാക്കേണ്ടത്. എന്നാൽ പരിശോധിച്ച ഭൂരിപക്ഷം അപേക്ഷകളിലും പ്രതിദിന വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല.

6. വലിയ വിറ്റുവരവുള്ള സ്ഥാപനങ്ങൾ പോലും അത് രേഖപ്പടുത്താതെയിരിയ്ക്കുകയോ വിറ്റുവരവ് കുറച്ചു കാണിയ്ക്കുകയോ ചെയ്തിട്ടുണ്ട്. 2016-17 ൽ ഡി & ഒ ലൈസൻസിന് അപേക്ഷ നല്കിയ ചുവടെ ചേർക്കുന്ന വ്യാപാരികൾ അവരുടെ പ്രതിദിന വിറ്റു വരവ് അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിനനുസൃതമായി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | വ്യപാരിയുടെ പേര് / വ്യാപാരം | അപേക്ഷ കളിലെ വരുമാനം | ഈടാ ക്കാവുന്ന ഫീസ് | ഈടാക്കിയ ഫീസ് | വ്യത്യാസം |
|---|---|---|---|---|---|
| 1. | ശ്രീ. കെ. വി രാജു.<br>രാജ് ഭവൻ, കോട്ട പി.ഒ,<br>രാജ് ഗ്രാനൈറ്റ്സ് | 50,000/- | 1000/- | 500/-<br>Rt. 13/46447<br>Dtd. 23.9.16 | 500/- |
| 3 | ശ്രീമതി. സുധീന നൗഷാദ്<br>ആറ്റിൻകര ജ്വവൽസ് & ഫാൻസി, ചെങ്ങന്നൂർ | 45,000/- | 1000/- | 200/-<br>Rt.1164101928<br>Dtd. 07.10.16 | 800 |
| | | | | ആകെ | **1300/-** |

7. മൂന്ന് തൊഴിലാളികൾ ജോലിനോക്കുന്ന, 40 കന്നുകാലികളെ വളർത്തുന്നതായി അപേക്ഷയിൽ രേഖപ്പടുത്തിയിട്ടുള്ള Cow Bell ഫാമിൽ നിന്നും മുൻ വർഷങ്ങളിലെ നിരക്കിൽ നിന്നും കുറഞ്ഞ 250/-രൂപയാണ് ഫീസീടാക്കിയിട്ടുള്ളത്. അപേക്ഷയിലോ അന്വേഷണ റിപ്പോർട്ടിലോ വരുമാനം സംബന്ധിച്ച വിവരങ്ങളും ഇല്ല.
ലൈസൻസിന് അപേക്ഷ നല്കുന്ന സ്ഥാപനങ്ങൾ/ വ്യാപാരികൾ അവരുടെ പ്രതിദിന വിറ്റു വരവ് അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നുറപ്പുവരുത്തുവാനും അത് സ്ഥാപനം നടത്തുന്ന ബിസിനസ്, വിറ്റുവരവ്, സ്ഥലം എന്നിവക്ക് ആനുപാതികമാണെന്നും സുതാര്യമാണെന്നും പരിശോധിച്ച് ഫീസ് ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ലൈസൻസ് ഫീസീടാക്കിയതിലെ കുറവായ 1300/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാത്ത പക്ഷം കുറഞ്ഞ നിരക്ക് ഈടാക്കിയ സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 2-4 <u>തൊഴിൽ നികുതി പിരിവിലെ അപാകതകൾ</u>

ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി വരവ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഒന്നാം അർദ്ധ വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ/വ്യക്തികളിൽ നിന്ന് ജീവനക്കാരുടെ

തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. മാവേലി സ്റ്റോർ, മുളക്കുഴ
2. ടെക്നിക്കൽ അസിസ്റ്റന്റ്, ഗ്രാമപഞ്ചായത്ത്

2. രണ്ടാം അർദ്ധ വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ/വ്യക്തികളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | ജീവന ക്കാരുടെ എണ്ണം | ഒന്നാം അർദ്ധവർഷം ഈടാക്കിയ നികുതി |
|---|---|---|---|
| 1 | പ്രഭുറാം മിൽസ് | 110 | 75780/- |
| 2 | സെൻട്രൽ ട്രാവൻകൂർ സ്പെഷിലിസ്റ്റ് ഹോസ്പിറ്റൽ, മുളക്കുഴ (ഡോക്ടർമാരൊഴികെ) | 292 | 205940/- |
| 3 | എൽ.എസ്.ജി.ഡി, മുളക്കുഴ | 4 | 5000/- |
| 4 | വി.ഇ.ഒ, മുളക്കുഴ | 1 | 1250/- |
| 5 | മാവേലി സ്റ്റോർ | | ഇല്ല |

3. സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.
താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17 വർഷം സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അടയ്ക്കേണ്ട സ്ഥാപന നികുതി | |
|---|---|---|---|
| | | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
| 1 | കാനറ ബാങ്ക്, മുളക്കുഴ | അടച്ചു | 1250/- |
| 2 | ജില്ലാ സഹകരണ ബാങ്ക്, കാരക്കാട് | അടച്ചു | 1250/- |
| 3 | എസ്.ബി.ടി, കൊഴുവല്ലൂർ | 1250/- | 1250/- |
| 4 | എസ്.ഇ.ബി. 2587, അരീക്കര | 1250/- | 1250/- |
| 5 | മാവേലി സ്റ്റോർ | 1250/- | 1250/- |
| 6 | എസ്.ഇ.ബി 1224, മുളക്കുഴ | 1250/- | 1250/- |

| | | | |
|---|---|---|---|
| 7 | ഇലക്ട്രിക്കൽ സെക്ഷൻ KSEB | 1250/- | 1250/- |
| 8 | മുത്തൂറ്റ് ഫിൻകോർപ്പ്,മു ളക്കുഴ | 1250/- | അടച്ചു |
| 9 | മുത്തൂറ്റ് ഫിനാൻസ്, മുളക്കുഴ | 1250/- | അടച്ചു |
| 10 | ഇംപെൽ മെഷീൻസ് | 1250/- | 1250/- |
| 11 | ആർകെ ആർക് ഇൻ | 1250/- | 1250/- |
| 12 | പ്രഭുറാം മിൽസ് | 1250/- | 1250/- |
| 13 | ചെങ്ങന്നൂർ താലൂക്ക് മാർക്കറ്റിംഗ് & പ്രോസസിംഗ് എ 340 | 1250/ | അടച്ചു |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കേണ്ടതാണ്.

4. സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കിയില്ല.

പഞ്ചായത്ത് പരിധിയിലെ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നല്ലാതെ മറ്റ് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള നികുതി പിരിവ് കാര്യക്ഷമമല്ല. തൊഴിൽ നികുതി ഈടാക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തന്നെ നാമമാത്രമായ നികുതിയാണ് ഈടാക്കുന്നത്. വിവിധ മേഖലകളിൽ സർക്കാർ നടപ്പിലാക്കിയിട്ടുള്ള മിനിമം വേതനാടിസ്ഥാനത്തിലുള്ള നികുതി പഞ്ചായത്തിന് ലഭിക്കുന്നില്ല. 26/2/2016ലെ G.O.(P)28/16/Fin പ്രകാരം വിവിധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും സ്ഥിരം ജീവനക്കാർക്ക് നൽകുന്ന വേതനത്തിനാനുപാതികമായി വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരമുള്ള ഏറ്റവും കുറഞ്ഞ ദിവസവേതനം 2016-17 ൽ 600/- രൂപയാണ്. പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ പ്രധാനമായും സ്കൂളുകൾ,ആശുപത്രികൾ എന്നിവിടങ്ങളിൽ ഇപ്രകാരം താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാവുന്നതാണ്.

മേൽ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയതു പ്രകാരം ബന്ധപ്പെട്ടവരിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.തൊഴിൽ നികുതി വിവരങ്ങൾ ഡിജിറ്റലൈസേഷൻ നടത്തി കുടിശ്ശിക വിവരങ്ങൾ യഥാസമയം തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-5 ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്ന് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൌണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള ടെണ്ടർ ഫീയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെണ്ടർ ഫീസ് | ആകെ ലഭ്യമായ ടെണ്ടർ ഫീസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| 1 | മുത്തേരിൽ കുളം പുനരുദ്ധാരണം | 1 | 1370 | 1370 |
| 2 | ഗ്രാമ പഞ്ചായത്ത് കെട്ടിട നിർമ്മാണം 3-ാം ഘട്ടം | 2 | 2630 | 5260 |
| 3 | കൊച്ചയത്ത് പാല നിൽക്കുന്നതിൽ റോഡ് പുനരുദ്ധാരണം | 2 | 1260 | 2520 |
| 4 | താമരശ്ശേരിപടി ആയുർവേദ ഹോസ്പിറ്റൽ റോഡ് പുനരുദ്ധാരണം | 3 | 1470 | 4410 |
| 5 | ഹൈസ്കൂൾ കടക്കിനേത്തുപടി(നേതാജി റോഡ്) റോഡ് പുനരുദ്ധാരണം | 4 | 1260 | 5040 |
| | | ആകെ ടെണ്ടർ ഫീ | | 18,600/- |

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുകകൾ നാളിതുവരെ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ (പി) 3/2015/ഫിൻ തീ.5/1/15 പ്രകാരം 50000/- മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില അടങ്കൽ തുകയുടെ 0.2% (കുറഞ്ഞത് 500/- രൂപ) എന്ന് നിശ്ചയിച്ചിരുന്നു. 5% വാറ്റ് ഉൾപ്പടെ കണക്കാക്കി വേണം ആകെ ടെണ്ടർ ഫീ വാങ്ങേണ്ടത്. 2015-16 വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ഉൾപ്പടെ പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ തിരികെ ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വാറ്റ് ഇനത്തിൽ ഈടാക്കിയ തുക വാണിജ്യ നികുതി വകുപ്പിൽ അടവാക്കേണ്ടതും ടെണ്ടർ ഫീ ഇനത്തിൽ വരവ് വന്ന തുകകൾ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ട് വിനിയോഗത്തിൽ വീഴ്ച -പാഴായ പദ്ധതിപ്പണം 254.70 ലക്ഷം രൂപ

ജി.ഒ(പി)177/06 ഫിൻ, തീയതി. 12.04.2006 പ്രകാരമുള്ള ധനവിനിയോഗ നടപടിക്രമങ്ങൾ പരിഷ്കരിച്ചുകൊണ്ട് ജി.ഒ(പി)400/14 ഫിൻ തീ.19.09.2014, ജി.ഒ(പി)119/15 ഫിൻ തീ.21.03.2015, ജി.ഒ(പി)419/15 ഫിൻ തീയതി. 19.09.2015 എന്നിവ പ്രകാരം ഉത്തരവാകുകയും സഞ്ചിതനിധിയിൽ നിന്നും പബ്ലിക് അക്കൗണ്ടിലേക്ക് ഫണ്ട് മാറ്റി നൽകുന്ന സമ്പ്രദായം 2015-16 വർഷം മുതൽ നിർത്തൽ ചെയ്യുകയും ചെയ്തു. ഇതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ

ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകും.ഇപ്രകാരം ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം പഞ്ചായത്തിന് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ബാക്കിയായ ഫണ്ടുകൾ ഇതുവരെയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ തിരികെ നൽകിയിട്ടില്ലാത്തതിനാൽ സാങ്കേതികമായി ഈ തുക നഷ്ടപ്പെട്ടിരിക്കുകയാണ്. മുളക്കുഴ ഗ്രാമപഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാതെ ബാക്കിയായത് ലക്ഷക്കണക്കിന് രൂപയാണ്. ഇവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| ജനറൽ | 37,23,676 |
| എസ്.സി.പി. | 43,65,453 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 47,32,667 |
| ലോകബാങ്ക് ധനസഹായം | 35,78,209 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 14,43,716 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 76,26,714 |
| ആകെ | 2,54,70,435 |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. പെർഫോർമൻസ് ഗ്രാന്റിനത്തിൽ വകയിരുത്തിയ മുഴുവൻ തുകയും ലാപ്സായി. ഫണ്ട് വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതായുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-2 പള്ളിമോടി കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ വാങ്ങി സ്ഥാപിക്കൽ – എസ്റ്റിമേറ്റ് ഇല്ലാതെ പദ്ധതി നടപ്പിലാക്കി

പള്ളിമോടി കുടിവെള്ള പദ്ധതിയുടെ മോട്ടോർ പ്രവർത്തനരഹിതമായതിനെ തുടർന്ന് പുതിയ മോട്ടോർ വാങ്ങി സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത് (പ്രോജക്ട് നം 84/2017). മൂന്ന് ലക്ഷം രൂപ അടങ്കൽ കണക്കാക്കി തയ്യാറാക്കിയ ടി പദ്ധതി ഭൂജല വകുപ്പ് മുഖേന നിക്ഷേപ പ്രവൃത്തിയായി നടപ്പാക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നത്. എന്നാൽ പദ്ധതിയ്ക്കായി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഇല്ലാതെയാണ് പ്രോജക്ട് തയ്യാറാക്കിയത്. നിക്ഷേപ പ്രവൃത്തിയായി ആസൂത്രണം ചെയ്ത പദ്ധതി പിന്നീട് ടെണ്ടർ മുഖേന നടപ്പിലാക്കുകയാണ് ചെയ്തത്. കുറഞ്ഞ തുക ക്വോട്ട് ചെയ്ത കെയ്ക്കോയ്ക്ക് സപ്ലൈ ഓർഡർ നൽകിയെങ്കിലും ടി സ്ഥാപനം സെക്യൂരിറ്റി ഡെപ്പോസിറ്റ്

ഒടുക്കുവാൻ തയ്യാറാകാതിരുന്നതുകൊണ്ട് കെയ്കോ ക്വോട്ട് ചെയ്ത അതേ നിരക്കിൽ പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കുവാൻ ടെണ്ടറിൽ പങ്കെടുത്ത രണ്ടാമത്തെ സ്ഥാപനമായ പൊന്നാരത്ത് ഏജൻസീസിനോട് നിർദ്ദേശിക്കുകയും അവർ പ്രവൃത്തി നടപ്പാക്കുകയും കരാർ പ്രകാരമുള്ള 84,400/- രൂപ (ചെക്ക് നം. 008109/ 24.3.2017) കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

ടെണ്ടറിൽ പങ്കെടുത്ത കെയ്കോ മോട്ടോറിനും അനുബന്ധ ഉപകരണങ്ങൾക്കുമായി 84,400/- രൂപയും പൊന്നാരത്ത് ഏജൻസീസ് 99,625/- രൂപയുമാണ് ക്വോട്ട് ചെയ്തിരുന്നത്. പൊന്നാരത്ത് ഏജൻസീസ് സമർപ്പിച്ച ടെണ്ടർ പരിശോധിച്ചതിൽ, മോട്ടോറിന്റെ വിലയും ഫിറ്റിംഗ് ചാർജ്ജുമായി 63,000/- രൂപയും ശേഷിക്കുന്ന 36,625/- രൂപ optional accessories if required എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതായത് വിശദമായ എസ്റ്റിമേറ്റ് ഇല്ലാതിരുന്നതിനാൽ ചെയ്യേണ്ട പ്രവൃത്തിയെകുറിച്ചോ അതിന്റെ നിരക്കിനെക്കുറിച്ചോ പഞ്ചായത്തിനും ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾക്കും വ്യക്തമായ ധാരണയില്ലായിരുന്നുവെന്ന് ഇതിൽ നിന്നും വ്യക്തമാണ്. പദ്ധതി സ്ഥലം സന്ദർശിച്ച് മാറ്റിവെയ്ക്കേണ്ട മോട്ടോറിന്റേയും അനുബന്ധ സാമഗ്രികളുടേയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്ന സാഹചര്യത്തിൽ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വോട്ട്ചെയ്ത തുകയുടെ കൃത്യത എങ്ങനെയാണ് ബോധ്യപ്പെട്ടതെന്നും എന്തടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള ടെണ്ടർ അംഗീകരിച്ച് പ്രവർത്തി നടത്താൻ അനുവദിച്ചതെന്നും വ്യക്തമാക്കേണ്ടതാണ്. PWDയിൽ നിന്നും ഇ മെയിലായി ലഭിച്ച ഡ്രാഫ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് അടങ്കൽ തുക നിശ്ചയിച്ചതെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. ഒരു എച്ച്.പിയ്ക്ക് 15,000/- രൂപ ക്രമത്തിൽ 20 hp മോട്ടോറിന് 3,00,000/- രൂപയെന്ന് രേഖപ്പെടുത്തിയതും ആരും സാക്ഷ്യപ്പെടുത്താത്തതുമായ ഒരു പേപ്പറാണ് ഡ്രാഫ്റ്റ് എസ്റ്റിമേറ്റായി ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഇതിൽ മോട്ടോറിന്റെ സ്പെസിഫിക്കേഷനോ മറ്റ് വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ 20hp Crompton മോട്ടോറിന് 53,000/- രൂപയാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. ഇത് ഡ്രാഫ്റ്റ് എസ്റ്റിമേറ്റിലെ വിലയുമായി യാതൊരുതരത്തിലും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ മേൽ എസ്റ്റിമേറ്റ് ടി പദ്ധതിയ്ക്കായി തയ്യാറാക്കിയതാണെന്ന് പറയുന്നതിൽ അടിസ്ഥാനമില്ല. എസ്റ്റിമേറ്റ് തയ്യാറാക്കാതെ പദ്ധതി നടപ്പാക്കിയതിനാൽ ഇതിനായി ചെലവഴിച്ച 84,400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

ടെണ്ടർ നോട്ടിസ് പരിശോധിച്ചതിൽ ബൈബാക്ക് വ്യവസ്ഥയിൽ മോട്ടോർ വാങ്ങുവാനാണ് പരസ്യം നൽകിയിരുന്നത്. എന്നാൽ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ബൈബാക്ക് വ്യവസ്ഥ ഒഴിവാക്കിയാണ് ടെണ്ടർ സമർപ്പിച്ചിരുന്നത്. ഇതുമൂലം പഴയ മോട്ടോർ കൈമാറ്റം ചെയ്യാനാകാതെ പദ്ധതി പ്രദേശത്ത് സൂക്ഷിച്ചിരിക്കുകയാണ്. ഇത് പഞ്ചായത്തിന്റെ സ്റ്റോക്ക് ഓഫ് അൺസർവ്വീസബ്ൾ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതും വിറ്റഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-3 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ 2016-17 - കരാർ ചമയ്ക്കാതെ ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറി.

സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ 2016-17 (പ്രോജക്ട് നം. 14/2017) എന്ന പദ്ധതിയ്ക്കായി കേരള ഇലക്ട്രിസിറ്റി ബോർഡ് തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ചുള്ള ചെലവ് 30,94,356/- രൂപയായിരുന്നു. ഇതിനായി പദ്ധതി വിഹിതമായി 26,94,356/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 4,00,000/- രൂപയും വകയിരുത്തുകയുണ്ടായി. യഥാസമയം ബില്ല് തയ്യാറാക്കി സമർപ്പിക്കാതിരുന്നതിനാൽ പദ്ധതി വിഹിതം ട്രഷറിയിൽ നിന്നും മാറി കിട്ടിയില്ല. എന്നാൽ പദ്ധതി വിഹിതം ഉറപ്പാക്കുന്നതിന് മുമ്പുതന്നെ ജില്ലാ പഞ്ചായത്ത് വിഹിതമായ 4,00,000/- രൂപ (ചെക്ക് നം. 0888168/ 30.3.2017) ഇലക്ട്രിസിറ്റി ബോർഡിന് നൽകുകയും ചെയ്തു. തുക നൽകിയെങ്കിലും ഇലക്ട്രിസിറ്റി ബോർഡുമായി നാളിതുവരെ കരാറിലേർപ്പെട്ടിട്ടില്ല. മേൽ പദ്ധതിയ്ക്കായി യഥാസമയം പ്ലാൻ ഫണ്ട് കൈമാറുകയോ കരാർ ചമയ്ക്കുകയോ ചെയ്യാതിരുന്നതുമൂലം ജില്ലാ പഞ്ചായത്ത് വിഹിതമായ 4,00,000/- രൂപ വൈദ്യുതി ബോർഡിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി

കിടക്കുന്ന അവസ്ഥയാണ്. എത്രയുംവേഗം ഇലക്ട്രിസിറ്റി ബോർഡുമായി കരാറിലേർപ്പെട്ട് നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. നിലവിൽ ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ചിട്ടുള്ള 4,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 വയറിംഗ് വേലകൾ നിക്ഷേപ പ്രവൃത്തിയായി നടപ്പാക്കിയതുമൂലം അധികച്ചെലവ്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ PWD ഇലക്ട്രിക്കൽ വിംഗ് സബ്ഡിവിഷൻ, ആലപ്പുഴ തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരം പി.എച്ച്.സി കെട്ടിടം വൈദ്യുതീകരിക്കുന്നതിന് (പ്രോജക്ട്നം. 57/2017) 180416 രൂപയും സ്റ്റേഡിയം വൈദ്യുതീകരിക്കുന്നതിന് (പ്രോജക്ട്നം. 57/2017) 44155/- രൂപയുമാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 27.9.2016ലെ EL2-758/2016 നമ്പർ കത്തിൽ ടി പ്രവൃത്തികൾ ടെണ്ടറിലൂടെ അംഗീകൃത കരാറുകാരൻ മുഖേനയോ PWD ഇലക്ട്രിക്കൽ ഡിവിഷൻ മുഖേന ഡിപ്പോസിറ്റ് പ്രവൃത്തിയായോ നടപ്പാക്കാവുന്നതാണെന്നും ഡിപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുമ്പോൾ 10% സെന്റേജ് ചാർജും 6% സർവ്വീസ് ടാക്സും ഉൾപ്പെടെയുള്ള തുകയാണ് PWD യ്ക്ക് നൽകേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതേതുടർന്ന് സെന്റേജ് ചാർജും സർവ്വീസ് ടാക്സും ഉൾപ്പെടെ പി.എച്ച്.സി കെട്ടിടം വയറിംഗിന് 209542/- രൂപയും (ബിൽനം 14/2016-17/ 8.3.2017) സ്റ്റേഡിയം വൈദ്യുതീകരിക്കുന്നതിന് 51415/- രൂപയും (ബിൽനം 15/2016-17/ 8.3.2017) PWD യ്ക്ക് നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാറുകാരൻ മുഖേന നടപ്പാക്കിയിരുന്നുവെങ്കിൽ PWDയ്ക്ക് സെന്റേജ് ചാർജ്, സർവ്വീസ് ടാക്സ് എന്നീയിനങ്ങളിലുള്ള അധികചെലവ് ഒഴിവാക്കാമായിരുന്നു. കുറഞ്ഞ തുകയ്ക്കുള്ള ടെണ്ടറുകൾ കരാറുകാർ ഏറ്റെടുക്കാറില്ലെന്നും പി.എച്ച്.സി കെട്ടിടം വയറിംഗ് അത്യാവശ്യമായി പൂർത്തിയാക്കേണ്ടതു കൊണ്ടാണ് ഡിപ്പോസിറ്റ് പ്രവർത്തിയായി നടത്താൻ തീരുമാനിച്ചതെന്നും ഭാവിയിൽ ഇത്തരം വേലകൾ ടെണ്ടർ മുഖേന നടപ്പാക്കുന്നതാണെന്നുമാണ് ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക് മറുപടി നൽകിയത്. എന്നാൽ തുക കൈമാറി മാസങ്ങൾക്ക് ശേഷവും PWD പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് PWDയുമായി കരാറിലേർപ്പെട്ടിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതിപ്പണം കൈമാറിയതിനാലും പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ലാത്തതിനാലും മേൽ പദ്ധതികൾക്കായി ചെലവഴിച്ച 2,60,957/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമ്പോൾ സ്ഥാപനത്തിന് ഇത്തരത്തിലുള്ള അധികച്ചെലവ് ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-5 വിവിധ വാർഡുകളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ - കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കിയില്ല

വിവിധ വാർഡുകളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിന് പഞ്ചായത്ത് 4,89,485/- രൂപയുടെ പദ്ധതി (പ്രോജക്ട് നം. 05/2017) തയ്യാറാക്കുകയും ഇത് കേരള സംസ്ഥാന വൈദ്യുതി ബോർഡ് മുഖേന നിക്ഷേപ പ്രവൃത്തിയായി നടപ്പിലാക്കുന്നതിനായി തുക കെ.എസ്.ഇ.ബിയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട് (ഡിഡി നം. 000002/12.1.2017). കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയറും സെക്രട്ടറിയും തമ്മിൽ ഒപ്പുവെച്ച കരാർ നം. 8/18.1.2017 പ്രകാരം ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 30.6.2017 ആയിരുന്നു. എന്നാൽ വൈദ്യുതി ബോർഡ് നാളിതുവരെ പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തിന് നൽകിയിട്ടില്ല. യഥാസമയം പദ്ധതി പൂർത്തീകരിക്കാത്തപക്ഷം സ്വീകരിക്കേണ്ട തുടർനടപടികളെ കുറിച്ച് കരാറിൽ യാതൊന്നും വ്യക്തമാക്കിയിട്ടില്ല. കരാർ കാലാവധി കഴിഞ്ഞിട്ടും പദ്ധതി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ കെ.എസ്.ഇ.ബിയ്ക്ക് നൽകുന്നതിനായി പിൻവലിച്ച 4,89,485/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി എത്രയുംവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക്

ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു.

ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന തെരുവ് നായ നിയന്ത്രണ പദ്ധതിയ്ക്ക് വിഹിതം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിന് നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും 2,00,000/- രൂപ പിൻവലിച്ചിട്ടുണ്ട് (ചെക്ക് നം. 000013/ 21.3.2017). അതുപോലെ സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും 4,30,549/- രൂപയും (ബിൽനം 18/2016-17/ 28.3.2017) പിൻവലിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾ തുക കൈപ്പറ്റിയതിന്റെ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ 6,30,549/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 തെരുവ് വിളക്ക് അറ്റകുറ്റപ്പണി – നിശ്ചിത യോഗ്യതയില്ലാത്തയാളെ കരാർ ജീവനക്കാരനായി നിയമിച്ചു.

പഞ്ചായത്ത് ഡയറക്ടറുടെ 17.8.2015ലെ ജി2-44274 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക് അറ്റകുറ്റപ്പണി കരാർ ജീവനക്കരെ വെച്ച് നടത്തുന്നതിനായി തീരുമാനിക്കുകയും 700/- രൂപ ദിവസവേതന അടിസ്ഥാനത്തിൽ രണ്ട് ജീവനക്കാരെ നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിക്കുകയുമുണ്ടായി. അപേക്ഷകർ ഇലക്ട്രിക്കൽ പോളിഡിപ്ലോമ അല്ലെങ്കിൽ ഐ.റ്റി.ഐ വയർമാൻ കോഴ്സ് പാസായിട്ടുള്ളവരും, ഇലക്ട്രിക്കൽ വയറിംഗ് ലൈസൻസ് ഉള്ളവരും, പ്രായോഗിക പരിശീലനം ലഭിച്ചവരുമായിരിക്കണമെന്ന് ഇതുസംബന്ധിച്ച് പഞ്ചായത്ത് പ്രസിദ്ധീകരിച്ച പത്രപരസ്യത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ വെച്ച് നടത്തിയ അഭിമുഖത്തിൽ പങ്കെടുത്ത അഞ്ചുപേരിൽ മൂന്നുപേർ ഐ.റ്റി.ഐ ഇലക്ട്രിക്കൽ കോഴ്സ് പാസായിട്ടുള്ളവരും മറ്റ് രണ്ടുപേർ പത്താംക്ലാസ്സ് മാത്രം പാസായിട്ടുള്ളവരുമാണ്. ഇവരിൽ നിന്നും തെരുവ് വിളക്ക് അറ്റകുറ്റപ്പണിയ്ക്കായി തിരഞ്ഞെടുത്ത രണ്ട് കരാർ ജീവനക്കാരിൽ ഒരാളായ സന്തോഷ്. ആർ എന്നയാൾക്ക് പത്താംക്ലാസ്സ് യോഗ്യത മാത്രമാണുള്ളത്. ടിയാൻ പഞ്ചായത്തിലെ സ്ഥിരതാമസക്കാരനാണെന്നും തെരുവ് വിളക്ക് അറ്റകുറ്റപ്പണി നടത്തുന്ന കോൺട്രാക്ടറുടെ കീഴിൽ വർഷങ്ങളായി ജോലി ചെയ്യുന്നയാളാണെന്നുമാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. തെരുവ് വിളക്ക് അറ്റകുറ്റപ്പണിപോലെയുള്ള അപകട സാധ്യതകൂടിയ മേഖലയിൽ ജോലിയ്ക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക് മതിയായ യോഗ്യതയും ലൈസൻസും പ്രായോഗിക പരിശീലനവും ഉണ്ടെന്ന് ഉറപ്പാക്കേണ്ടതും അങ്ങനെയുള്ളവരെ നിയമിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 3-8 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ- നടത്തിപ്പിൽ സുതാര്യതയില്ല

2016-17 വർഷം കൃഷി ഓഫീസർ നടപ്പാക്കിയ വിവിധ കാർഷിക വികസന പദ്ധതികളായ വെറ്റില കൃഷി പ്രോത്സാഹനം (പ്രോജക്ട് നം. 28/2017), ഇഞ്ചികൃഷി പ്രോത്സാഹനം (പ്രോജക്ട് നം. 30/2017), വാഴകൃഷി (ജനറൽ- പ്രോജക്ട് നം. 27/2017), നേന്ത്രവാഴകൃഷി (എസ്.സി - പ്രോജക്ട് നം. 165/2017), വെറ്റിലകൃഷി (എസ്.സി- പ്രോജക്ട് നം. 29/2017) എന്നീ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് സബ്സിഡി തുക വിതരണം ചെയ്തിട്ടുണ്ട്. മേൽ പദ്ധതികൾ പ്രകാരം വിത്തും വളവും സ്വന്തം നിലയ്ക്ക് വാങ്ങി കൃഷി ചെയ്തവർക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. എന്നാൽ ഇവർ വിത്തും വളവും വാങ്ങിയതിന്റെ രസീതുകളും ബില്ലുകളും അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. ഇത്തരം പദ്ധതികളിൽ ഒന്നുകിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വിത്തും വളവും വാങ്ങി നൽകുകയോ അല്ലെങ്കിൽ കർഷകർ സ്വന്തം നിലയ്ക്ക് ഇവ വാങ്ങിയതിന്റെ രേഖകൾ ഹാജരക്കുകയോ ചെയ്യേണ്ടതാണ്. ഗുണഭോക്താക്കൾ നിശ്ചിത അളവിൽ കൃഷി ചെയ്തിട്ടുണ്ടെന്ന കൃഷി അസിസ്റ്റന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയിരിക്കുന്നതെന്നാണ് ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക് കൃഷി ഓഫീസർ മറുപടി നൽകിയത്. ഗുണഭോക്താക്കൾ വിത്തും വളവും സ്വന്തം നിലയ്ക്ക് വാങ്ങി കൃഷി ചെയ്യുന്ന പദ്ധതികളിൽ ആയതിന്റെ രേഖകളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. സബ്സിഡി തുക ട്രഷറിയിൽ

നിന്നും നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യതായിട്ടാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മേൽ പരാമർശിച്ചിട്ടുള്ള പ്രോജക്ടുകൾ പ്രകാരം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് സബ്സിഡി തുക ട്രാൻസ്ഫർ ചെയ്തതു സംബന്ധിച്ച് ട്രഷറിയിൽ നിന്നുള്ള രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ അർഹതപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. ട്രഷറി മുഖേന ആനുകൂല്യം വിതരണം ചെയ്യുന്ന സംഗതികളിൽ ഓരോ ഗുണഭോക്താവിന്റേയും അക്കൗണ്ടിലേയ്ക്ക് സബ്സിഡി തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നതു സംബന്ധിച്ച് ട്രഷറിയിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-9 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ.എം.സി – സേവന നികുതിയിനത്തിൽ അധികം ചെലവഴിച്ച തുക നിരാകരിക്കുന്നു

2006ലെ സർവ്വീസ് ടാക്സ് (determination of values) ചട്ടം, സി.ബി.ഇ.സിയുടെ 20.06.2012ലെ 30/2012 നമ്പർ സേവന നികുതി നോട്ടിഫിക്കേഷൻ ഭേദഗതി എന്നിവ പ്രകാരം മെയിന്റനൻസ് പ്രവൃത്തികൾക്ക് ഈടാക്കുന്ന സേവന നികുതി സേവന ദാതാവും സേവന സ്വീകർത്താവും തുല്യമായി വഹിക്കേണ്ടതാണ്. 2016-17 വർഷം നടപ്പാക്കിയ പ്രോജക്ട് 55/2017 പ്രകാരമുള്ള കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ.എം.സിയ്ക്കായി തനത് ഫണ്ടിൽ നിന്നും കെൽട്രോണിന് നൽകിയ 73,099/- രൂപയിൽ (ചെക്ക് നം. 050000/ 15.12.2016) 6518/- രൂപ സേവന നികുതിയായാണ് (15% of 70% of 62,080/-) കെൽട്രോൺ കൈപ്പറ്റിയിരിക്കുന്നത്. 20.06.2012ലെ 30/2012 നമ്പർ സേവന നികുതി നോട്ടിഫിക്കേഷൻ ഭേദഗതി പ്രകാരം വാർഷിക അറ്റകുറ്റപ്പണിയ്ക്ക് ഈടാക്കുന്ന സേവന നികുതിയുടെ പകുതി സേവനദാതാവായ കെൽട്രോൺ സ്വയം വഹിക്കേണ്ടതാണ്. പഞ്ചായത്ത് 3259 രൂപമാത്രം നൽകിയാൽ മതി. 2006ലെ സേവന നികുതി ചട്ട ഭേദഗതി ശ്രദ്ധയിൽപ്പെട്ടിരുന്നില്ലായെന്നും കെൽട്രോണിന് അധികം നൽകിയ 3259 രൂപ തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നുമാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. സേവന നികുതിയിനത്തിൽ അധികം നൽകിയ 3259/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക കെൽട്രോണിൽ നിന്നോ ചെലവിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-10 അഡ്വാൻസ് നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല

2016-17 സാമ്പത്തിക വർഷത്തിൽ മുളക്കുഴ ഗ്രാമപഞ്ചായത്ത് മെഡിക്കൽ ഓഫീസർ (ആയുർവേദം) നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ (പ്രോജക്ട് നം. 50/2017) എന്ന പദ്ധതിക്കായി മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോ ആലപ്പുഴക്ക് 150000/- രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഹോംകോയുമായി കരാറിലേർപ്പെട്ടതായി കാണുന്നില്ല. നാളിതുവരെ മരുന്നുകളൊന്നും ഹോംകോ ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഹോംകോയിൽ മരുന്നുനിർമ്മാണസമയത്ത് സ്പിരിറ്റിന്റെ ലഭ്യതയിലുണ്ടായ കുറവ് മൂലമാണ് തുക നൽകി എട്ട് മാസം പിന്നിട്ടിട്ടും മരുന്നുകളൊന്നും ലഭ്യമാക്കാത്തതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചത്.തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | പ്രഫോർമ ഇൻവോയ്സ് നം & തിയതി | തുക | ബിൽ നം & തിയതി |
|---|---|---|---|---|
| 01 | ഹോംകോ | PF-983 dt 13.12.16 | 150,000 | ബിൽ നം. -02/16-17<br>തീയതി – 15.02.2017 NEFT |

ആശുപത്രിക്ക് ലഭ്യമാകാത്ത മരുന്നുകളുടെ വിലയായ 1,50,000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1. 2016-17 സാമ്പത്തിക വർഷത്തിൽ മുളക്കുഴ ഗ്രാമപഞ്ചായത്ത് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ പാലിയേറ്റീവ് പരിചരണം (പ്രോജക്ട് നം. – 131/2017) എന്ന പദ്ധതിക്കായി മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, ഔഷധി, ഹോംകോ എന്നീ സ്ഥാപനങ്ങൾക്ക് അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ ഇത് പ്രകാരമുള്ള മരുന്നുകൾ സ്ഥാപനത്തിന് നാളിതുവരെ ലഭ്യമായിട്ടില്ല.അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | പ്രഫോർമ ഇൻവോയ്സ് നം. & തിയതി | തുക | ബിൽ നം & തിയതി |
|---|---|---|---|---|
| 01 | കാരുണ്യ ഫാർമസി (KMSCL) | PRF-3765, തീയതി -18.03.17 | 3,000 | ബിൽ നം-09/16-17 തീയതി -29.03.2017 |
| 02 | കാരുണ്യ ഫാർമസി (KMSCL) | PRF-3388, തീയതി -10.03.17 | 1,44,440 | ബിൽ നം-09/16-17 തീയതി -29.03.2017 |
| 03 | കാരുണ്യ ഫാർമസി (KMSCL) | PRF-3312, തീയതി - 9.03.17 | 112000 | ബിൽ നം-09/16-17 തീയതി -29.03.2017 |
| 04 | ഔഷധി | PRF-1837/14/03/17 | 10000 | ബിൽ നം-07/16-17 തീയതി -29.03.2017 |
| 05 | ഹോംകോ | PF-1360, തീയതി -29.03.17 | 5000 | ബിൽ നം-06/16-17 തി-29.03.2017 |
| | | ആകെ | 274440 | |

പദ്ധതിയിൽ സ്ഥാപനത്തിന് ആകെ ലഭിക്കുവാനുള്ള 274440/- രൂപയുടെ മരുന്നുകളിൽ ക്രമ നം(3) പ്രകാരമുള്ള പ്രഫോർമ പ്രകാരം ലഭ്യമാക്കിയ 34,237/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി 240203/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കിയില്ല. അഡ്വാൻസ് തുകയിൽ ബാക്കി നിൽക്കുന്ന 240203/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ജി.ഒ (എം.എസ്)നം. 04/2016/തസ്വഭവ, തീയതി - 11.01.2016 ഖണ്ഡിക 7.4 പ്രകാരം ആരോഗ്യസ്ഥാപനങ്ങളിലേക്കുള്ള മരുന്ന് വാങ്ങുന്ന പദ്ധതികളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമാണ്. മാർഗ്ഗരേഖയനുസരിച്ച് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങുവാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കുവാനോ പാടില്ല. എന്നാൽ മെഡിക്കൽ ഓഫീസർ 2016-17 ൽ നടപ്പിലാക്കിയ മരുന്ന് വാങ്ങലുകളിലൊന്നും ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

3. പാലിയേറ്റീവ് പരിചരണം സംബന്ധിച്ച 29.10.2015 ലെ ജി.ഒ (ആർ.ടി) 3217/2015/തസ്വഭവ പ്രകാരമുള്ള മാർഗ്ഗരേഖ പ്രകാരം ഹോംകെയർ ആവശ്യത്തിനുള്ള വാഹനം ക്വട്ടേഷൻ ക്ഷണിച്ച് പി.എം.സി അംഗീകാരത്തോടെയാവണം തെരഞ്ഞെടുക്കേണ്ടത്. എന്നാൽ ക്വട്ടേഷൻ, പി.എം.സി തീരുമാനം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വാഹനം ഓടുന്ന ദൂരപ്രകാരം 800/-, 900/-, 1000/-, 1100/- എന്നീ നാല് സ്ലാബുകളിലായാണ് വാഹനവാടക നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഇവയിലൊന്നും

ഉൾപ്പെടാത്ത 920/- രൂപ നിരക്കിലാണ് വാടക നൽകിയിട്ടുള്ളത്. ഹോംകെയർ ടീമിന്റെ ഭക്ഷണത്തിനുള്ള പണം നൽകുന്നത് ഭക്ഷണം നൽകുന്ന സ്ഥാപനത്തിന്റെ/ ഗ്രൂപ്പിന്റെ പേരിലെ ബിൽ ഇല്ലാതെ എഴുതി തയ്യാറാക്കുന്ന വൗച്ചർ പ്രകാരമാണ്. പാലിയേറ്റീവ് മാർഗ്ഗരേഖ പ്രകാരം ചെലവുകൾ ക്രമപ്പെടുത്തേണ്ടതാണ്.

## 3-12 എച്ച്. എം. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -വിനിയോഗ രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

2016-17 സാമ്പത്തിക വർഷം എച്ച്. എം, ഗവ. എസ്.എൻ.ഡി.പി. എൽ.പി.എസ്. നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

1. പ്രോജക്ട് നം. :33/17(എസ്.എസ്. എ. പഞ്ചായത്ത് വിഹിതം അടവാക്കൽ)

   അടങ്കൽ: 5,55,344/-(വി.ഫ-സാധാ)

   ചെലവ്: 5,55,344/- (ബിൽ നം. 01/16-17 തീ:01.10.2016- 3,00,000/-;

   ബിൽ നം. 04/16-17 തീ:01.03.2017- 2,55,344/- )

2. പ്രോജക്ട് നം. :35/17(എസ്.എസ്. എ. വിഹിതം അടവാക്കൽ (എസ്.സി.പി.)

   അടങ്കൽ: 1,75,000/-(വി.ഫ-എസ്.സി.പി)

   ചെലവ്: 1,75,000/- (ബിൽ നം. 02/16-17 തീ:01.10.2016)

   *മേൽ പ്രോജക്ടുകളിലെ ന്യൂനത താഴെ കൊടുക്കുന്നു*

   എസ്.എസ്.എ. ജില്ലാ പ്രോഗ്രാം ഓഫീസറുടെ 2016-17 ലേയ്ക്കുള്ള പദ്ധതിയുടെ സാമ്പത്തിക അപഗ്രഥനം പ്രകാരം ആവശ്യമായ തുക 18,25,861/- രൂപയാണ്. ആയതിന്റെ 40% തുക (730344/-) പഞ്ചായത്ത് വിഹിതം മേൽ പ്രോജക്ടുകൾ പ്രകാരം പിൻവലിച്ചിട്ടുണ്ട്. എസ്.എസ്.എ. പ്രോഗാം ഓഫീസർ തുക കൈപ്പറ്റിയതായ രേഖ, ഗ്രാമ പഞ്ചായത്തിൽ ഏതൊക്കെ സ്കൂളുകളിൽ പ്രവൃത്തികൾ നടത്തി,ചെലവ് വിവരം,പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല

3. പ്രോജക്ട് നം. 191/17 (ഗവ. എൽ. പി. സ്കൂളുകൾക്ക് ഗ്യാസ് കണക്ഷൻ)

   അടങ്കൽ : 44820/- (വികസന ഫണ്ട്)

   ചെലവ് : 44754/- (ബിൽ നം. 06/1-17, തീയതി : 28.03.2017)

   ആറ് സർക്കാർ സ്കൂളുകൾക്ക് ഗ്യാസ് കണക്ഷൻ, അനുബന്ധ സാമഗ്രികൾ എന്നിവ നൽകുന്നതിനായിട്ടുള്ള പ്രോജക്ടാണിത്. ബ്ലേസ് ഭാരത് ഗ്യാസ്, ചെങ്ങന്നൂർ എന്ന സ്ഥാപനത്തിന്റെ 17.03.2017-ലെ സ്റ്റേറ്റ്മെന്റ് പ്രകാരം 44754/- രൂപ കാണിച്ചിട്ടുണ്ടെങ്കിലും അതോടൊപ്പം ഹാജരാക്കിയത് താഴെ പറയുന്ന തുകയ്ക്കുള്ള ബില്ലുകൾ മാത്രമാണ്.

   1) ഇൻവോയ്സ് നം. 16.03.2017 പ്രകാരം 16290/-

   2) ഇൻവോയ്സ് നം. 193/16.03.2017 പ്രകാരം 900/-

   3) ഇൻവോയ്സ് നം. 20762, 20758, 20756, 20761, 20763, 20765/16.03.2017 പ്രകാരം 1544/- രൂപ വീതം ആകെ 9264/-

   അതായത് ഹാജരാക്കിയത് 26454/- രൂപയ്ക്കുള്ള ബില്ലുകൾ മാത്രമാണ്. കൂടാതെ 44754/- രൂപ സ്ഥാപനം കൈപ്പറ്റിയതായ രേഖയും ലഭ്യമല്ല.

അപാകതയിന്മേൽ രേഖകളും വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയിന്മേൽ (നം. 19/31.10.2017) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ വിനിയോഗ രേഖകളുടെ അഭാവത്തിൽ മേൽ പ്രോജക്ടുകളിലെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-13 കന്നുകുട്ടി പരിപാലന പദ്ധതി-അപാകതകൾ

2016-17 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും 312500/- രൂപ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട് (ബിൽ നം. 09 (ക്രമ നം. 5)/16-17/ 28.03.2017). 50 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ച് അപേക്ഷ, മറ്റു രേഖകൾ സഹിതം കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം മാവേലിക്കര സർക്കിൾ, വെറ്ററിനറി സർജന് കൈമാറിയതായി കാണുന്നു. മുളക്കുഴ ക്ഷീര സംഘത്തിലൂടെ നടത്തുന്നതിനായാണ് പ്രോജക്ട് തയാറാക്കി തുക കൈമാറിയിട്ടുള്ളത്.

കാലീത്തീറ്റ വിതരണപദ്ധതി സബ്സിഡി തുക തീരുന്നതനുസരിച്ച് 20 മുതൽ 24 മാസത്തേയ്ക്കാണ് പദ്ധതിയുടെ നടത്തിപ്പെന്നും പദ്ധതി അവസാനിച്ചാൽ മാത്രമേ ജില്ലാതല കാഫ് ഫീഡ് ഡയറക്ടറിൽ നിന്നും തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകൂ എന്നും 50 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്കായുള്ള കാലിത്തീറ്റ വിതരണം 2017 ജൂലൈ മുതൽ തുടങ്ങിയെന്നും ഇത് സംബന്ധമായ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/31.10.2017) മറുപടി ലഭ്യമാക്കി. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ അപേക്ഷകളിൽ കന്നുകുട്ടികൾക്കെല്ലാം തന്നെ 6 മാസം പ്രായമായതായി രേഖപ്പെടുത്തിയിട്ടുണ്ട്. കാലിത്തീറ്റ വിതരണം വൈകിയതിനാൽ പദ്ധതിയുടെ അന്തസത്ത നഷ്ടപ്പെട്ടും എന്നത് നിസ്തർക്കമാണ്. വിനിയോഗ സാക്ഷ്യപത്രം, കാലിത്തീറ്റ വിതരണ രേഖകൾ എന്നിവയുടെ അഭാവത്തിൽ ചെലവ് തുകയായ 312500/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 വിധവകൾക്ക് വീട് പുനരുദ്ധാരണം - സബ്സിഡി മാനദണ്ഡം പാലിക്കാതെ അധിക തുക നൽകി

തൻവർഷം വി.ഇ.ഒ നിർവ്വഹിച്ച "വിധവകൾക്ക് വീട് പുനരുദ്ധാരണം" എന്ന പ്രോജക്ടിൽ സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനയ്ക്ക് വിരുദ്ധമായി ആനുകൂല്യം നൽകി. വിശദാംശം ചുവടെ കൊടുക്കുന്നു

പ്രോജക്ട് നം. : 41/17

അടങ്കൽ : 5,25,000/-(വികസന ഫണ്ട് – 517500/- ; തനത് ഫണ്ട് - 7500/-)

ചെലവ് : 1,00,000/- (ബിൽ നം. 08/16-17/17.03.2017)

4 പേർക്ക് 25,000/- രൂപ വീതം ഭവന പുനരുദ്ധാരണത്തിനായി നൽകിയിട്ടുണ്ട്.

ഇതിൽ താഴെ പറയുന്ന ഗുണഭോക്താവിന്റെ അർഹതാ രേഖകൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റും മൂല്യനിർണ്ണയ സാക്ഷ്യപത്രവും പ്രകാരം ടിയാൾ മേൽക്കൂര മാറ്റിവെയ്ക്കൽ എന്ന പ്രവൃത്തിയാണ് ചെയ്തതെന്ന് കാണുന്നു. സബ്സിഡി മാർഗരേഖ പ്രകാരം ഈയിനത്തിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക 20,000/- രൂപ മാത്രമാണ്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ്/ കെട്ടിട നം. | ആനുകൂല്യം കൈപ്പറ്റിയ തുക | കൈപ്പറ്റ് വിവരം |
|---|---|---|---|---|
| 1 | ആലീസ് തോമസ്,<br>പറമ്പത്തുർ പുത്തൻ വീട്, കാരയ്ക്കാട് | V/38 | 25000/- | അക്കൗണ്ട് ട്രാൻസ്ഫർ A/c No. 5966101001945 |

ഗുണഭോക്താവിന്റെ വീടിന്റെ മേൽക്കൂര മാറ്റിവെയ്ക്കുകയും ഭിത്തി തേയ്ക്കുകയും ചെയ്തിട്ടുണ്ടെന്നും ആയത്

എസ്റ്റിമേറ്റിലും വാല്യുവേഷനിലും വന്നിട്ടില്ലെന്നുമുള്ള മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥ ഇത് സംബന്ധമായ ഓഡിറ്റന്വേഷണത്തിന് (10/31.10.2017) നൽകിയത്. ഗുണഭോക്താവിന്റെ അപേക്ഷയിലും തദ്ദനുസൃതമായി ചെയ്ത പ്രവൃത്തിയുടെ മൂല്യനിർണ്ണയത്തിലും ഭിത്തി തേപ്പ് ഇല്ലാത്തതിനാൽ ടി മറുപടി അംഗീകരിക്കുന്നില്ല. അധികമായി അനുവദിച്ച 5000/- ഓഡിറ്റിൽ അനുവദിക്കുന്നില്ല.

## 3-15 മരാമത്ത് പ്രവൃത്തികളുടെ രേഖകൾ, രജിസ്റ്ററുകൾ- രേഖപ്പെടുത്തൽ,സൂക്ഷിപ്പ് - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2016-17 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ രേഖകൾ, രജിസ്റ്ററുകൾ എന്നിവയുടെ സൂക്ഷിപ്പിൽ ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക് ( TR 7A) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
2. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.
3. ഫയലിൽ സൂക്ഷിച്ചിരിക്കുന്ന പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിൽ പ്രവൃത്തി പൂർത്തീകരിച്ച തീയതി രേഖപ്പെടുത്തുന്നില്ല.
4. ടെണ്ടർ രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. (കോളം നം. 8,10)
5. കരാർ രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണ തീയതി രേഖപ്പെടുത്തുന്നില്ല.
6. ബിറ്റുമെൻ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ബിറ്റുമെൻ വാങ്ങുന്നത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ മാത്രമാണുള്ളത്. (A1-2618/17)

മേൽ അപാകതകൾക്ക് ലഭിച്ച വിശദീകരണത്തിൽ നിർദ്ദേശങ്ങൾ തുടർന്നുള്ള പ്രവൃത്തികളിൽ പാലിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.അപാകതൾ പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 കരാറുകാരന്റെ വിഹിതം ഈടാക്കാതെ സേവന നികുതിയിനത്തിൽ ബില്ലിൽ നിന്നും തുക വസൂലാക്കിയതിനാൽ അധിക ബാധ്യത

2006-ലെ സർവ്വീസ് ടാക്സ് റൂൾസ് (ഡിറ്റർമിനേഷൻ ഓഫ് വാല്യൂ); സി.ബി.ഇ.സി-യുടെ 20.06.12 ലെ 30/12-സേവനനികുതി നോട്ടിഫിക്കേഷൻ ഭേദഗതിപ്രകാരം കരാർ പ്രവൃത്തികളിൽ കരാറുകാരിൽ നിന്ന് ഒറിജിനൽ പ്രവൃത്തികൾക്ക് പ്രവൃത്തി മൂല്യത്തിന്റെ 40% ന്റെ പകുതി സേവന നികുതിയും മറ്റുള്ള പ്രവൃത്തികൾക്ക് (including repair, maintenance, plastering of immovable property etc.,) പ്രവൃത്തി മൂല്യത്തിന്റെ 70%-ന്റെ പകുതി സേവനനികുതി (മറുപകുതി സേവന സ്വീകർത്താവ് വഹിക്കേണ്ടതാണ്) ഈടാക്കേണ്ടതാണ്. എന്നാൽ തൻവർഷം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള സേവന നികുതി ബാധകമായിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ കരാറുകാരിൽ നിന്ന് നിയമാനുസൃതമുള്ള സേവന നികുതി ( From 1st June 2016 onwards-15%) ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

*മെയിന്റനൻസ് പ്രവൃത്തികൾ*

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | പ്രവൃത്തി മൂല്യം/ എം. ബുക്ക് നം. | ഒടുക്കേണ്ട സേവന നികുതി | | പഞ്ചായത്ത് വഹിച്ചത് @ 10.50% | പഞ്ചായത്ത് ഒടുക്കേണ്ടിയിരുന്നത് @ 5.25% | അധിക ബാധ്യത |
|---|---|---|---|---|---|---|---|
| | | | പഞ്ചായത്ത് വിഹിതം @5.25% | കരാറുകാരന്റെ വിഹിതം @5.25% | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 134/17<br>അങ്കണവാടി നം. 64 പെയിന്റിംഗ്<br>അടങ്കൽ – 50000/-(MFNR)<br>ചെലവ് – 34036/-(09/16-17/<br>28.03.17)<br>കരാറുകാരൻ–വേണുകുമാർ<br>4/AE/LSGD/MLK/16-17/30.01.17 | 30802/-<br>MB No. 12/17<br>P no. – 6,8 | 1617 | 1617 | 3234 | 1617 | 1617 |
| 2 | 133/17<br>അങ്കണവാടി നം 63 ടോയ്‌ലെറ്റ് അറ്റകുറ്റപ്പണി<br>അടങ്കൽ – 50000/-(MFNR)<br>ചെലവ് – 48690/-(11/16-17/ 28.03.17)<br>കരാറുകാരൻ–വേണുകുമാർ<br>3/AE/LSGD/MLK/16-17/30.01.17 | 44063/-<br>MB No.51/17<br>P no.20,21 | 2313 | 2313 | 4627 | 2314 | 2313 |
| 3 | 118/17<br>പി.എച്ച്.സി. പെയിന്റിംഗ്<br>അടങ്കൽ-100000/-(A)<br>ചെലവ്-77938/-(08/16-17/<br>23.03.17)<br>കരാറുകാരൻ–എം. എ. വിജയൻ<br>15/AE/LSGD/MLK/16-17/ 03.02.17 | 70603/-<br>MB No.06/17<br>P no.14,15 | 3707 | 3707 | 7413 | 3707 | 3706 |
| | | | | | | ആകെ | **7636/-** |

*ഒറിജിനൽ പ്രവൃത്തികൾ*

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | പ്രവൃത്തിമൂല്യം/ എം. ബുക്ക് നം. | ഒടുക്കേണ്ട സേവന നികുതി | | പഞ്ചായത്ത് വഹിച്ചത് | പഞ്ചായത്ത് ഒടുക്കേണ്ടിയിരുന്നത് @ 3% | അധിക ബാധ്യത |
|---|---|---|---|---|---|---|---|
| | | | പഞ്ചായത്ത് വിഹിതം @3% | കരാറുകാരന്റെ വിഹിതം @3% | | | |
| 1 | 138/17<br>എൽ.പി.ജി.എസ്. അരീക്കരയിൽ പാചകപ്പുര<br>അടങ്കൽ-150000/-(MFNR)<br>ചെലവ്-146097/-(10/16-17/<br>28.03.17)<br>കരാറുകാരൻ–എം. എ. വിജയൻ<br>14/AE/LSGD/MLK/16-17/03.02.17<br>(പ്രോജക്ട് രൂപ രേഖ പേജ് നം. 5-ൽ പുതിയ കെട്ടിട നിർമ്മാണം ) | 132347/-<br>MBNo.08/17<br>P no.26,28 | 3970 | 3970 | 13896 (@10.5%) | 3970 | 9926/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 117/17<br>കൊഴവല്ലൂർ സ്റ്റേഡിയം പുനരുദ്ധാരണം<br>അടങ്കൽ-800000/-(വി.ഫ- 3 ലക്ഷം; കേന്ദ്രാവിഷ്കൃതം-5 ലക്ഷം)<br>ചെലവ്-775626/-(25/16-17 /31.03.17-300000<br>; ചെക്ക് നം. 008118/31.03.17-475626)<br>കരാറുകാരൻ-സുജിത്കമാർ<br>42/AE/LSGD/MLK/16-17/01.03.17<br>(പ്രോജക്ട് രൂപ രേഖ പേജ് നം. 3-പ്രകാരം ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൺ കോർട്ടുകൾ നിർമ്മിക്കുന്നു ) | 731796/-<br>MBNo.52/17<br>P no.<br>41,42,<br>43 | 21954 | 21954 | 43908 (@6%) | 21954 | 21954 |
| | | | | | | ആകെ | **31880/-** |

കരാറുകാർ സേവനനികുതി അടവാക്കി രസീത് ഹാജരാക്കുന്ന മുറയ്ക്കാണ് സേവന നികുതി തുക റിലീസ് ചെയ്യേണ്ടത്. എന്നാൽ മേൽ പ്രവൃത്തികളിൽ ഇപ്രകാരം രസീത് സമർപ്പിച്ചതായി കാണുന്നില്ല. ഇപ്രകാരം രസീത് സമർപ്പിക്കാതിരുന്നിട്ട് പോലും സേവന നികുതി കൂടി ഉൾപ്പെട്ട തുകയാണ് കരാറുകാർക്ക് നൽകിയിട്ടുള്ളത്. കൂടാതെ ബില്ലിൽ നിന്നും വസൂലാക്കിയ തുകകൾ കേന്ദ്ര ഫണ്ടിൽ ഒടുക്കിയതിന്റെ വിവരവും ലഭ്യമല്ല.അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 09/25.10.2017). സേവനനികുതിയിനത്തിൽ പഞ്ചായത്തിന് വന്ന അധിക ബാധ്യത 39516/-രൂപ (7636+31880) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കൂടാതെ സർവ്വീസ് ടാക്സ് ഒടുക്ക് വിവരം ഹാജരാക്കാത്തതിനാൽ നിരാകരിച്ച തുക കിഴിച്ചുള്ള തുകയായ 33562/- രൂപ (73078-39516) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-17 യഥാർത്ഥ പ്രവൃത്തി മൂല്യത്തിനുസൃതമായി നികുതികളും മറ്റ് കിഴിവുകളും കണക്കാക്കാഞ്ഞത് മൂലം അധികചെലവ്

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ ചില കരാർ പ്രവൃത്തികളിൽ യഥാർത്ഥ പ്രവൃത്തി മൂല്യത്തിനൊപ്പം സേവനനികുതി കൂടി ചേർത്ത തുകയിന്മേലാണ് ആദായനികുതി 1%, മൂല്യ വർദ്ധിത നികുതി (4%), നിർമ്മാണത്തൊഴിലാളി ക്ഷേമ നിധി വിഹിതം(1% ) കണക്കാക്കി ഫൈനൽ ബില്ലിൽ നിന്നും റിക്കവറി നടത്തിയിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | *പ്രവൃത്തി മൂല്യം/ സേവനനികുതി കൂട്ടിയത് / എം. ബുക്ക് നം. | ഫൈനൽ ബില്ലിൽ നിന്നും റിക്കവറി നടത്തിയതിന്റെ വിവരം | | | യഥാർത്ഥത്തിൽ നടത്തേണ്ടിയിരുന്ന റിക്കവറി | | | അധിക റിക്കവറി |
|---|---|---|---|---|---|---|---|---|---|
| | | | IT @1% | VAT @ 4% | KCWWF @ 1% | IT @1% | VAT @ 4% | KCWWF @ 1% | |
| 1 | 134/17<br>അങ്കണവാടി നം. 64 പെയിന്റിംഗ്<br>അടങ്കൽ-50000/-(MFNR)<br>ചെലവ്-34036/-(09/16-17/ | 30802/-<br>3234/-(സേ.നി.)<br>MB No.12/17<br>P no.6,8 | 340 | 1361 | 340 | 308 | 1232 | 308 | 193 |

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | *പ്രവൃത്തി മൂല്യം/ സേവനനികുതി കൂട്ടിയത് / എം. ബുക്ക് നം. | ഫൈനൽ ബില്ലിൽ നിന്നും റിക്കവറി നടത്തിയതിന്റെ വിവരം | | | യഥാർത്ഥത്തിൽ നടത്തേണ്ടിയിരുന്ന റിക്കവറി | | | അധിക റിക്കവറി |
|---|---|---|---|---|---|---|---|---|---|
| | | | IT @1% | VAT @ 4% | KCWWF @ 1% | IT @1% | VAT @ 4% | KCWWF @ 1% | |
| | 28.03.17)<br>കരാറുകാരൻ-വേണുകുമാർ<br>4/AE/LSGD/MLK/16-17/ 30.01.17 | | | | | | | | |
| 2 | 133/17<br>അങ്കണവാടി നം 63 ടോയ്‌ലെറ്റ് അറ്റകുറ്റപ്പണി<br>അടങ്കൽ-50000/-(MFNR)<br>ചെലവ്-48690/-(11/16-17/ 28.03.17)<br>കരാറുകാരൻ-വേണുകുമാർ<br>3/AE/LSGD/MLK/16-17/ 30.01.17 | 44063/-<br>4627/(സേ.നി.)<br>MB No.51/17<br>P no.20,21 | 487 | 1948 | 487 | 441 | 1763 | 441 | 277 |
| 3 | 118/17<br>പി.എച്ച്.സി. പെയിന്റിംഗ്<br>അടങ്കൽ-100000/-(A)<br>ചെലവ്-77938/-(08/16-17/ 23.03.17)<br>കരാറുകാരൻ- എം. എ. വിജയൻ 15/AE/LSGD/ MLK/16-17/03.02.17 | 70603/-<br>7413/-(സേ.നി)<br>MB No.06/17<br>P no.14,15 | 779 | 3118 | 779 | 706 | 2824 | 706 | 440 |
| 4 | 138/17<br>എൽ.പി.ജി.എസ്. അരീക്കരയിൽ പാചകപ്പുര<br>അടങ്കൽ-150000/-(MFNR)<br>ചെലവ്-146097/-(10/16-17/ 28.03.17)<br>കരാറുകാരൻ-എം. എ. വിജയൻ<br>14/AE/LSGD/MLK/16-17/ 03.02.17 | 132347/-<br>13896/-(സേ.നി.)<br>MB No.08/17<br>P no.26,28 | 1461 | 5844 | 1461 | 1323 | 5294 | 1323 | 826 |
| 5 | 117/17<br>കൊഴുവല്ലൂർ സ്റ്റേഡിയം പുനരുദ്ധാരണം | 731796/-<br>43908/-(സേ.നി.) | 7756 | 31025 | 7756 | 7318 | 29272 | 7318 | 2629 |

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | *പ്രവൃത്തി മൂല്യം/ സേവനനികുതി കൂട്ടിയത് / എം. ബുക്ക് നം. | ഫൈനൽ ബില്ലിൽ നിന്നും റിക്കവറി നടത്തിയതിന്റെ വിവരം | | | യഥാർത്ഥത്തിൽ നടത്തേണ്ടിയിരുന്ന റിക്കവറി | | | അധിക റിക്കവറി |
|---|---|---|---|---|---|---|---|---|---|
| | | | IT @1% | VAT @ 4% | KCWWF @ 1% | IT @1% | VAT @ 4% | KCWWF @ 1% | |
| | അടങ്കൽ-800000/-(വി.ഫ- 3 ലക്ഷം; കേന്ദ്രാവിഷ്കൃതം-5 ലക്ഷം)<br>ചെലവ്-775626/-(25/ 16-17/ 31.03.17-300000; ചെക്ക് നം. 008118/ 31.03.17-475626)<br>കരാറുകാരൻ-സുജിത്കുമാർ<br>42/AE/LSGD/MLK/16-17/ 01.03.17 | MB No.52/17<br>P no. 41,42,43 | | | | | | | |
| | | | | | | | | ആകെ | 4365 |

ഇപ്രകാരം പ്രവൃത്തി മൂല്യവും നികുതിയും ചേർന്ന തുകയിന്മേൽ റിക്കവറി നടത്തിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 26/31.10.2017) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി താഴെപറയും പ്രകാരമാണ്.

"കരാറുകാരന് സർവ്വീസ് ടാക്സ് അടക്കം നൽകിയ തുക അടിസ്ഥാനപ്പെടുത്തിയാണ് റിക്കവറികൾ കണക്കാക്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങളോ ഓർഡറുകളോ ലഭ്യമല്ലാത്തതിനാലാണ് ഇപ്രകാരം റിക്കവറി നടത്തിയിരിക്കുന്നത്. ഇക്കാരണത്താൽ സർക്കാരിന് യാതൊരു വിധ നഷ്ടവും സംഭവിച്ചിട്ടില്ലാത്തതിനാലും തുടർന്നുള്ള പ്രവൃത്തികളിൽ ഓഡിറ്റ് നിർദ്ദേശം പ്രകാരം മാത്രം റിക്കവറി നടത്തുകയുള്ളൂ എന്ന വിവരം അറിയിക്കുന്നു..."

പദ്ധതി ധനത്തിൽ നിന്നും അധികമായി വാറ്റ്, ആദായനികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ അടവാക്കിയതിനാൽ ടി മറുപടി അംഗീകരിക്കുന്നില്ല. 4365/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

* കരാറുകാർ ക്വാട്ട് ചെയ്ത നാമമാത്രമായ ടെണ്ടർ കിഴിവ് കണക്കാക്കാതെയാണ് പ്രവൃത്തി മൂല്യം കണക്കാക്കിയിട്ടുള്ളത്(എസ്റ്റിമേറ്റ് നിരക്കിൽ)

## 3-18 ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്തില്ല-ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഭൂരിഭാഗം തുകയും ഈടാക്കി

2016-17 വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആയതിനാൽ ഒഴിഞ്ഞ ഒരു ബാരലിന്റെ വിലയായി 250/-രൂപ വീതം ബില്ലിൽ കുറവു ചെയ്യേണ്ടിയിരുന്നു.

പ്രവൃത്തികളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദാംശം | അടങ്കൽ | ചെലവ് തുക | ബിൽനം./ തീയതി/ ചെക്ക് നം./തീ | പ്രവൃത്തി മൂല്യം | ഉപയോഗിച്ച ടാറിന്റെ അളവ് | അളവ് പുസ്തകം | ഫൈനൽ ബില്ലിൽ നിന്നും കുറയ്ക്കേണ്ടിയിരുന്ന ബാരലിന്റെ |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | വില |
| 1 | താമരശ്ശേരിൽ പടി ആയുർവേദഹോസ്പിറ്റൽ എം.സി. റോഡ് പുനരുദ്ധാരണം വാർഡ്-7<br>പ്രോ.നം. 90/17<br>കരാറുകാരൻ- സിറാജ് സഞ്ജീർ മൻസിൽ | 675000/- (മെ.ഫ. റോഡ്) | 573483/- | 05/16-17 /14.03.17 | 573483/- | S-65-><br>5065.489kg<br>RS-1-><br>519.728kg<br>(36Barrel)<br>MBNo.07/2017 P No. 16 | 02/AE/LSGD /MLK/2016-17 /10.01.2017 | 9000/- |
| 2 | നെടിയ കാലാ കല്ലുംപുറം റോഡ് അറ്റകുറ്റപ്പണി വാർഡ്-4<br>പ്രോ.നം. 155/17<br>കരാറുകാരൻ-സിറാജ് സഞ്ജീർ മൻസിൽ | 200000/- (മെ.ഫ. റോഡ്) | 180253/- | 04/16-17/ 14.03.17 | 180253/- | S-65-><br>1427.70kg<br>RS-1-><br>128.25kg<br>(10Barrel)<br>MBNo.05/2017 P No. 07 | 23/AE/LSGD /MLK/2016-17 /03.02.2017 | 2500/- |
| 3 | പള്ളിപ്പടി വാലുകാട്ടിൽ പടി റോഡ് പുനരുദ്ധാരണം<br>പ്രോ.നം. 75/17<br>കരാറുകാരൻ-സിറാജ് സഞ്ജീർ മൻസിൽ | 250000/- (മെ.ഫ. റോഡ്) | 225541/- | 02/16-17/ 14.03.17 | 225541/- | S-65-><br>1786.585kg<br>RS-1-><br>160.538kg<br>(12Barrel)<br>MBNo.04/2017 P No. 07 | 22/AE/LSGD /MLK/2016-17 /03.02.2017 | 3000/- |
| 4 | ഹൈസ്കൂൾ കടക്കിനേടത്ത്പടി (നേതാജി റോഡ്) പുനരുദ്ധാരണം വാർഡ്-3<br>പ്രോ.നം. 71/17<br>കരാറുകാരൻ-സിറാജ് സഞ്ജീർ മൻസിൽ | 600000/- (മെ.ഫ. റോഡ്) | 494548/- | 01/16-17/ 14.03.17 | 494548/- | S-65-><br>3313.647kg<br>RS-1-><br>298.159kg<br>(23 Barrel)<br>MBNo.03/2017 P No. 10 | 01/AE/LSGD /MLK/2016-17 /10.01.2017 | 5750/- |
| 5 | എം.സി. റോഡ് ശാന്തിഭവനം പടി റോഡ് മെറ്റലിംഗും ടാറിംഗും<br>പ്രോ.നം. 128/16<br>സ്പിൽ ഓവർ പ്രോ.നം. 61/17<br>കരാറുകാരൻ-രതികുമാർ കെ.പി. | 300000/- (തനത് ഫണ്ട്) | 247673/- | 5687506/ 07.11.16 | 247673/- (17.33% ടെണ്ടർ കിഴിവ് സഹിതം) | VG 10-<br>MBNo.181/16<br>P No. 14- 16<br>275.50 m2<br>ie 3.17x 275.50 =873.34kg => 6 Barrel<br>(161.8kg/DRK) | 78/AE/LSGD /MLK/2015-16 /03.10.2015 | 1500/- |
| | | | | ആകെ | | | | 21750/- രൂപ |

ടാറിംഗ് പ്രവൃത്തികൾക്ക് പാക്ക്ഡ് ബിറ്റുമിൻ നിരക്ക് നൽകിട്ടും കരാറുകാരിൽ നിന്നും കാലി വീപ്പ തിരികെ

ലഭ്യമാകാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ തുക കിഴിവ് ചെയ്യാതിരുന്നതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് നൽകിയ മറുപടിയിൽ കരാറുകാരൻ സിറാജിന് കത്ത് നൽകിയിട്ടും തുക അടക്കാത്ത സാഹചര്യത്തിൽ ടിയാന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് സർക്കാരിലേയ്ക്ക് കണ്ടുകെട്ടി 20,000/- രൂപ ട്രഷറിയിൽ 3604-00-200-87-(05) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കി. ഈ കാര്യാലയത്തിൽ നിന്നും നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് 2016-17-ൽ ചെയ്ത മേൽ പ്രവൃത്തികളിൽ നിന്നും ബാരൽ വിലയായി 20,000/-ഈടാക്കിയിട്ടുള്ളത്. ഈടാക്കാൻ അവശേഷിക്കുന്ന 1750/- രൂപ ഈടാക്കി ഒടുക്ക് വിവരം അറിയിക്കേണ്ടതാണ്.

## 3-19 എൽ.പി.സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകൽ- പദ്ധതി മാതൃകാപരം

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്കൂൾ പഠനം നടത്തുന്ന എല്ലാ വിഭാഗത്തിലുള്ള കുട്ടികൾക്കും പ്രഭാത ഭക്ഷണം നൽകുക എന്നതാണ് ഈ പ്രോജക്ട് പ്രകാരമുള്ള പ്രവർത്തനം. ദരിദ്രമായ ജീവിത സാഹചര്യത്തിൽ ജീവിക്കുന്ന ജനവിഭാഗത്തിന്റെ കുട്ടികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുക എന്നതാണ് പ്രധാനമായും ഈ വിധത്തിലുള്ള പദ്ധതികൾ നടപ്പാക്കാൻ പ്രേരകമായത്. സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന സർക്കാർ സ്കൂളിലെ കുട്ടികൾക്ക് പോഷകാഹാരം നൽകുക എന്ന തികച്ചും അർഹമായ പദ്ധതി തന്നെയാണ് ഇതുമൂലം നടപ്പാക്കിയിട്ടുള്ളത് എന്നത് വ്യക്തമാണ്. സ്കൂളുകൾക്ക് സമീപമുള്ള ഹോട്ടലിൽ നിന്നും ഈ വിഭാഗത്തിലുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നു.സ്കൂൾ അധികൃതരുടെ നേതൃത്വത്തിലും കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേനയുമാണ് പ്രഭാത ഭക്ഷണം നൽകിവരുന്നത്.കാരക്കാട് ഗവ. എസ്.എൻ.ഡി.പി. എൽ.പി.എസ്. ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ 10 എൽ.പി. സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിവന്നിട്ടുണ്ട്. ഈയിനത്തിൽ ആകെ 1,00,000/- രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഗുണനിലവാരമുള്ളതും നിശ്ചിത അളവിൽ കുറയാത്തതുമായ ഭക്ഷണം വിതരണം ചെയ്യുന്നതിന് മതിയായ തുക പ്രൊജക്ടിൽ വകയിരുത്തിയും, പദ്ധതി നടത്തിപ്പിന് അനുയോജ്യമായ ഏജൻസിയെ നിർണ്ണയിച്ചും ചെലവ് രേഖകൾക്ക് സംക്ഷിപ്തം തയാറാക്കി കൃത്യമായി അടുക്കും ചിട്ടയോടും രേഖകൾ സൂക്ഷിച്ച് കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കിയും ഈ പദ്ധതി തുടർ വർഷങ്ങളിലും നടപ്പാക്കുന്നത് പരിഗണിക്കാവുന്നതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കു പരിശോധന

മുളക്കുഴ ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I. രസീത് & പെയ്മെന്റ് അക്കൗണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവുചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | : | 15074776 |
| വരവ് | : | 48446174/- |
| ആകെ | : | 63520950/- |

| | | |
|---|---|---|
| ചെലവ് | : | 40168132/- |
| നീക്കിയിരിപ്പ് | : | 23352818/- |

*രസീത് & പെയ്മെന്റ് അക്കൗണ്ട് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.*

1. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരവും സാമ്പത്തിക വർഷാവസാനം സഞ്ചയ സോഫ്റ്റ് വെയറിലെ സ്റ്റേറ്റ്മെന്റ് പ്രകാരവുമുള്ള വസ്തുനികുതി കളക്ഷൻ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ കളക്ഷൻ 5146531/- രൂപയും സഞ്ചയയിൽ 4618067/- രൂപയുമാണ്.
2. കെട്ടിട നിർമാണ പെർമിറ്റ് രജിസ്റ്റർ വരവ് വിവരങ്ങൾ,സംക്ഷിപ്തം എന്നിവ എഴുതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ രസീപ്റ്റ് & സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-4 പ്രകാരമുള്ള പെർമിറ്റ് ഫീസ് ഇനത്തിലുള്ള കളക്ഷൻ തുകയുടെ നിജസ്ഥിതി ഉറപ്പാക്കാനാകുന്നില്ല.

II. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റെയും വ്യയത്തിന്റെയും സംക്ഷിപ്തം താഴെപ്പറയുന്നു.

| | | |
|---|---|---|
| ആദായം | : | 98237560/- |
| (-) വ്യയം | : | 95160984/- |
| (-) പ്രയർ പീരീഡ് ഐറ്റം | : | (-)23887/- |
| സർപ്ലസ് | : | 3100463/- |

*ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.*

1. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1 പ്രകാരം Profession Tax- Institution/ Professionals/ Taders എന്ന ഇനത്തിലുള്ള ഡിമാന്റ് 252068/- രൂപയാണെന്ന് കാണുന്നു. എന്നാൽ രജിസ്റ്ററിൽ ഇത് സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതിനാൽ ഈ തുകയുടെ കൃത്യത പരിശോധിക്കാനായില്ല.
2. വാർഷിക കണക്ക് പ്രകാരം Poperty Tax (Arrears) ഇനത്തിലുള്ള ഡിമാന്റ് വിവരങ്ങൾ, സഞ്ചയ സോഫ്റ്റ്വെയറിൽ ഡാറ്റാ എൻട്രി 100% പൂർത്തിയാകാത്തതിനാൽ ഓരോ തീയതിയിലും വ്യത്യാസപ്പെടുന്നുണ്ട്.
3. കെട്ടിട നിർമാണ പെർമിറ്റ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-4 പ്രകാരമുള്ള പെർമിറ്റ് ഫീസ് ഇനത്തിലുള്ള ഡിമാന്റ് തുകയുടെ നിജസ്ഥിതി ഉറപ്പാക്കാനായില്ല.

III. ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

| | | |
|---|---|---|
| ആകെ ആസ്തി | : | 48530058/- |

| | | |
|---|---|---|
| (-) റിസർവ്വും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | : | 24429215/- |
| പഞ്ചായത്ത് ഫണ്ട് | : | 24100843/- |

*ബാലൻസ് ഷീറ്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.*

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.7 പ്രകാരം Bidders Earnest Money Deposit എന്നയിനത്തിൽ 17100/- രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 9800/- രൂപമാത്രം തിരികെ നല്കാനുള്ളതായി കാണിച്ചിരിക്കുന്നു. B-7 ൽ കാണിച്ചിട്ടുള്ള Deposits for Auditoriums Rs.1600/- Deposit from others Rs. 814705/- എന്നിവയുടെ വിശദാംശങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇല്ല.
2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.15 പ്രകാരം Receivables for Property Tax on Residential Buildings (Current & Arrears), Non-Residential Buildings (Current & Arrears) എന്നീ ഇനങ്ങളിലുള്ള തൻവർഷത്തെ ബാലൻസ് എന്നിവ ആകെ 34,11,932/- രൂപയാണ്. എന്നാൽ സഞ്ചയയിൽ വർഷാവസാനം ഇത് 4201041/- രൂപയായിരുന്നു. കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി വിവരങ്ങൾ 100% പൂർത്തിയാകാത്തതിനാൽ സാംഖ്യയിലെ കണക്കുകൾ പ്രതിദിനം വ്യത്യാസപ്പെടുന്ന സ്ഥിതിയാണ് നിലവിലുള്ളത്.
3. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾക്കൊള്ളത്തക്ക തരത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സമ്പ്രദായം സാംഖ്യ സോഫ്റ്റ്‌വെയറിലേക്ക് മാറുന്നതിന് മുൻപുള്ള ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
4. സ്ഥാപനത്തിന്റെ സ്ഥിരനിക്ഷേപമായി ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ള സംഖ്യ 1245907/- (B-12) അടുത്ത സാമ്പത്തിക വർഷത്തെ 3 മാസത്തെ പലിശ കൂടി ഉൾപ്പെട്ട തുകയാണ്.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | 183/17<br>പച്ചക്കറി കൃഷിക്ക് യൂണിറ്റടി സ്ഥാനത്തിൽ ധനസഹായം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 105000 | 47/17<br>മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 98073 | 6927 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 105000 | 47/17 –<br>മാനസിക ശാരീരിക വെല്ലുവിളി | 6927 | 98073 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 42600 | 65/17<br>മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 42600 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 120000 | 128/17 പാലിന് ഇൻസൻറീവ് | 120000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 400000 | 14/17<br>സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 400000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി, മുളക്കുഴ | നം. 5/16-17 1,2,3,4,5,6,11,12,13, 14,15,17,18 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | ചെക്ക് നം. 000002/ 12.01.2017 | 489485 | 0 | 489485 |
| PWD ഇലക്ട്രിക്കൽ ഡിവിഷൻ, ആലപ്പുഴ | 57-16/17 പി.എച്ച്.സി റീവയറിംഗ് | ബിൽ നം. 14/16-17/ 08.03.17 | 209542 | 0 | 209542 |
| PWD ഇലക്ട്രിക്കൽ ഡിവിഷൻ, ആലപ്പുഴ | 58-16/17 സ്റ്റേഡിയം വയറിംഗ് | ബിൽ നം. 15/16-17/ 08.03.17 | 51415 | 0 | 51415 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

-ഇല്ല-

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1245907 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1245907 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1245907 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| FIXED DEPOSIT IOB, CHENGANNUR | 1245907 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 17746/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2005-06 | 3-16 | 1151 | സാം മാത്യൂ, സീനിയർ കൃഷി ആഫീസർ | 11604101703<br>തീയതി : 03/10/16 |
| 2014-15 | 3-1 | 16595 | രാജു കെ.ജി., കരാറുകാരൻ | 11604103350<br>തീയതി : 16/01/17 |
| ആകെ | | 17746 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

-ഇല്ല-

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,84,46,174/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,01,68,132/- |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 7,915/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 53,890/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 33,76,754/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 6615 | | ഹരിൺ ബോസ് എ, സെക്രട്ടറി, (2205/-)<br>ഇ. ആർ. ഓമനയമ്മാൾ (സെക്രട്ടറി-ഇൻ-ചാർജ്), (2205/-)<br>സുനിൽകുമാർ. ജി, സെക്രട്ടറി (2205/-) |
| 2-3 | 1300 | | ഹരിൺ ബോസ്. എ, സെക്രട്ടറി, (500/-)<br>ഇ. ആർ. ഓമനയമ്മാൾ, (സെക്രട്ടറി-ഇൻ-ചാർജ്), (800/-) |
| 3-9 | | 3259/- | ഇ. ആർ ഓമനയമ്മാൾ (സെക്രട്ടറി-ഇൻ-ചാർജ്ജ്) |
| 3-14 | | 5000/- | ലാലി. എസ്, വി.ഇ.ഒ |
| 3-16 | | 39516/- | സുരേഷ് കുമാർ. വി, അസിസ്റ്റന്റ് എൻജിനീയർ |
| 3-17 | | 4365/- | സുരേഷ് കുമാർ. വി, അസിസ്റ്റന്റ് എൻജിനീയർ |
| 3-18 | | 1750/- | സുരേഷ് കുമാർ. വി, അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 7,915/- | 53,890/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 84,400/- | സുനിൽകുമാർ. ജി, സെക്രട്ടറി |
| 3-3 | 4,00,000/- | സുനിൽകുമാർ. ജി, സെക്രട്ടറി |
| 3-4 | 2,60,957/- | സുനിൽകുമാർ. ജി, സെക്രട്ടറി |

| | | |
|---|---|---|
| 3-5 | 4,89,485/- | സുനിൽകുമാർ. ജി, സെക്രട്ടറി |
| 3-6 | 6,30,549/- | സുനിൽകുമാർ. ജി, സെക്രട്ടറി |
| 3-10 | 1,50,000/- | ഡോ. ശ്രീജ. കെ. ജി., മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-11 | 2,40,203/- | ഡോ. ഉഷ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-12 | 7,75,098/- | ഓമന. എം. ആർ, എച്ച്. എം., ഗവ.എൽ.പി.എസ്. |
| 3-13 | 3,12,500/- | ഡോ. കെ.ജ്യോതിഷ് ബാബു, സീനിയർ വെറ്ററിനറി സർജൻ |
| 3-16 | 33,562/- | സുരേഷ് കുമാർ. വി, അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 33,76,754/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഹരിൺ ബോസ് എ,<br>സെക്രട്ടറി | സെക്രട്ടറി,<br>കോട്ടുകാൽ ഗ്രാമ പഞ്ചായത്ത്,<br>തിരുവനന്തപുരം | ബോസ് ഭവൻ,<br>കുളത്തിൻകര, പതിരിയോട്,<br>ബാലരാമപുരം,പി.ഒ-695501<br>തിരുവനന്തപുരം |
| ഇ. ആർ ഓമനയമ്മാൾ<br>(സെക്രട്ടറി-ഇൻ-ചാർജ്ജ്) | അസിസ്റ്റന്റ് സെക്രട്ടറി,<br>മുളക്കുഴ ഗ്രാമപഞ്ചായത്ത് | എടപ്പാട്ട് കിഴക്കേതിൽ,<br>ചെറിയനാട്.പി.ഒ, ചെങ്ങന്നൂർ |
| സുനിൽകുമാർ ജി.,സെക്രട്ടറി | സെക്രട്ടറി,<br>മുളക്കുഴ ഗ്രാമപഞ്ചായത്ത് | തട്ടാരയ്യത്ത് ,<br>എരുമക്കുഴി, നൂറനാട് .പി.ഒ,<br>ആലപ്പുഴ |
| ലാലി.എസ്., എൽ.വി.ഇ.ഒ | എൽ. വി.ഇ.ഒ,<br>തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്ത് | ശ്രീ പത്മം,<br>വാഴാർമംഗലം പി.ഒ.,<br>ചെങ്ങന്നൂർ |
| ഡോ. കെ.ജ്യോതിഷ് ബാബു,<br>സീനിയർ വെറ്ററിനറി സർജൻ | സീനിയർ വെറ്ററിനറി സർജൻ,<br>മുളക്കുഴ വെറ്ററിനറി ഹോസ്പിറ്റൽ | എ.കെ.നിവാസ്,<br>ചെറുവല്ലൂർ, കൊല്ലകടവ് .പി.ഒ |
| ഓമന. എം. ആർ,<br>എച്ച്. എം.,ഗവ.എൽ.പി.എസ്. | വിരമിച്ചു. | തെക്കേ കുഴിവിളയിൽ,<br>ഇലവുംതിട്ട. പി.ഒ, പത്തനംതിട്ട. |
| ഡോ. ശ്രീജ. കെ. ജി,<br>മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | ശ്രീജ<br>മെഡിക്കൽ ആഫീസർ(ആയുർവേദം) | ലക്ഷ്മി വിലാസം<br>ഓടാനവട്ടം, കൊല്ലം |
| ഡോ. ഉഷ, മെഡിക്കൽ<br>ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ആഫീസർ (പി.എച്ച്.സി) | നിവേദിത, നിറക്കാട്ട് , മാന്നാർ<br>ആലപ്പുഴ |
| സുരേഷ് കുമാർ.വി,<br>അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ,<br>എൽ.എസ്.ജി.ഡി.,<br>വയലാർ ഗ്രാമ പഞ്ചായത്ത് | നടുവേലിത്തറ,<br>കുമ്പളങ്ങി സൗത്ത് പി.ഒ,<br>കൊച്ചി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| | |
| 1997-98 (ചെലവ്) | എൽ എഫ് എ 9-322/01/28.6.01 |
| 1998-99 | എൽ എഫ് എ-992/02/28.6.01/11.11.02 |
| 2000-01 | എൽ എഫ് എ-822/05/31.1.06/31.3.06 |
| 1997-98 (വരവ്) | എൽ എഫ് എ 11-149/08/30.7.08/7.11.08 |
| 2003-04 | എൽ എഫ് എ11 -28/10/8.4.10/12.5.10 |
| 2004-05 | എൽ എഫ് എ11-29/10/.8.04.10/12.5.10 |
| 2006-07 | എൽ എഫ് എ 2-1482/10/20.6.11/2.7.11 |
| 2007-08 | എൽ എഫ് എ 2-1483/10/20.6.2011/2.7.11 |
| 2008-09 | എൽ എഫ് എ പി5-1485/20.6.11/18.7.11 |
| 2009-10 & 10-11 | എൽ എഫ് എ പി 5--1402/12/18.12.12/14.3.13 |
| 2011-12, 2012-13 | എൽ എഫ് എ പി5-1315/2014/11.12.14/31.1.2015 |
| 2013-14 | കെഎസ്എ-എഎൽപി-പി5-1192/15/15-09-2015 |
| 2014-15 | കെഎസ്എ-എഎൽപി-പി 5-828/16/29.07.16 |
| 2015-16 | നം.കെ.എസ് .എ.എ. എൽ.പി.5-18/2017 /30/01/2017 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

## അനുബന്ധം-1

നം. കെ.എസ്.എ-എ.എൽ.പി-പി5-1375/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,
ആലപ്പുഴ.

തീയതി:13.11.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P5-1375/17

Kerala State Audit Department,

District Audit Office,
Alappuzha.

Date: 13.11.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Mulakkuzha Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Mulakkuzha Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

.

.

Deputy Director

Kerala State Audit Department

Alappuzha